# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറന്മുള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: ksapta/p11/13/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 24/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറന്മുള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksapta/p11/13/23 തീയ്യതി: 24/03/2023

## പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2022 | 23-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2022 | 23-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീ മഹേഷ് കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ റ്റി റ്റോജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ആർ ശ്രീകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീദേവി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീമതി ശ്രീലേഖ പി | അസിസ്റ്റന്റ് സെക്രട്ടറി | 09-07-2021 | 31-03-2022 |
| ശ്രീ ഉണ്ണികൃഷ്ണൻ നായർ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. അഖില രാജ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ഷിജി പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. സൈറ ജോൺ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. പ്രദീപ് കുമാർ | വെറ്ററിനറി സർജൻ I | 01-04-2021 | 31-03-2022 |
| ഡോ. രാഘവൻ പ്രീത നാരായണൻ | വെറ്ററിനറി സർജൻ II | 01-04-2021 | 31-03-2022 |
| ശ്രീമതി ആർ ചന്ദന | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജയമോൾ കെ കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുലേഖ ആർ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ സുരേഷ് ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി വീണ രാജൻ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 29-11-2021 |
| ശ്രീമതി ശ്രീകല എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 30-11-2021 | 14-12-2021 |
| ശ്രീമതി ആമിന സമദ് | ഡയറി ഫാം ഇൻസ്ടക്ടർ | 15-12-2021 | 31-03-2022 |
| ശ്രീ പ്രതാപ് കെ | വി.ഇ.ഒ I | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| എസ് | | | |
| ശ്രീ സന്തോഷ് ജോസഫ് | വി.ഇ.ഒ II | 01-04-2021 | 10-08-2021 |
| ശ്രീ പ്രതാപ് കെ എസ് | വി.ഇ.ഒ II അഡീഷണൽ ചാർജ്ജ് | 11-08-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല | 1-11 |
| 12 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-12 |
| 13 | പഞ്ചായത്ത് കെട്ടിടത്തിൽ വാടകരഹിതമായി സഹകരണപരിശീലനകോളേജ് പ്രവർത്തിക്കുന്നു | 1-13 |
| 14 | കൺവെൻഷൻ സെന്ററിന്റെ ഫ്ലോർ ഏരിയയിൽ കുറവു വരുത്തിയതുമൂലം ലക്ഷങ്ങളുടെ ഫീസ് നഷ്ടമായി. | 1-14 |
| 15 | സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ ഈടാക്കാനവശേഷിക്കുന്ന തുക 3.89 ലക്ഷം രൂപ. | 1-15 |
| 16 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത. | 1-16 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ₹1.29 ലക്ഷം രൂപ. | 1-17 |
| 18 | വാണിജ്യ കെട്ടിടങ്ങളോടു ചേർന്ന പാർപ്പിടം എന്ന വിനിയോഗത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. | 1-18 |
| 19 | വാടകപിരിവ്- അപാകങ്ങൾ | 1-19 |
| 20 | വെസ്റ്റേൺ ഘട്ട് ഡെവലപ്മെന്റ് സ്കീം ഇനത്തിലുള്ള തുക തിരികെ അടവാക്കിയില്ല | 1-20 |
| 21 | മുറിച്ചുമാറ്റിയ തടികളുടെ ലേലം ഉറപ്പിച്ച് നൽകിയിട്ടില്ല | 1-21 |
| 22 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല | 1-22 |
| 23 | ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരേയും അനർഹരേയും യഥാസമയം ഒഴിവാക്കാത്തതിനാൽ സംസ്ഥാനത്തിനു | 1-23 |

| | | |
|---|---|---|
| | പലിശ ബാദ്ധ്യത. | |
| 24 | ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കുന്നതിനു മാസങ്ങളുടെ കാലതാമസം. | 1-24 |
| 25 | സഹകരണ പരിശീലനകോളേജിന്റെ വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല നഷ്ടം രൂ 581376/- | 1-25 |
| 26 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-26 |
| 27 | കുറിച്ചിമുട്ടം മൃഗാശുപത്രി കെട്ടിട നിർമ്മാണം പാതി വഴിയിൽ നിലച്ചു. | 1-27 |
| 28 | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ച മിനി MCF കളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നില്ല. | 1-28 |
| 29 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത എഴിക്കാട് നൂൽ നൂൽപ്പ് കേന്ദ്രത്തിനായി പദ്ധതി നടപ്പാക്കി. | 1-29 |
| 30 | മരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് വച്ച ശേഷം പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടു. | 1-30 |
| 31 | വർഷങ്ങളായി തുക വകയിരുത്തിയിട്ടും നടപ്പാക്കാനാവാത്ത പദ്ധതികൾ. | 1-31 |
| 32 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർമ്മാണം പൂർത്തീകരിക്കാത്തവർക്കെതിരെ തുടർനടപടിയില്ല | 1-32 |
| 33 | ജാഗ്രതാ സമിതി - പദ്ധതി നടപ്പാക്കുന്നില്ല | 1-33 |
| 34 | ധനകാര്യ കമ്മിഷൻ അവാർഡ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു | 1-34 |
| 35 | തെരുവ് വിളക്കുകൾക്ക് ആവശ്യമായ എൽ. ഇ. ഡി. ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-35 |
| 36 | നിക്ഷേപ വേലകൾക്ക് നൽകിയ മുൻകൂർ - വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല | 1-36 |
| 37 | നിലവിലില്ലാത്ത ബൾബുകൾക്ക് താരിഫ് നൽകുന്നു - പ്രതിവർഷ നഷ്ടം 15.57ലക്ഷം രൂപ | 1-37 |
| 38 | എസ്.എസ്. എ വിഹിതം നൽകൽ- വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-38 |
| 39 | ഔദ്യോഗിക വാഹനത്തിന്റെ പരിപാലനം - അപാകതകൾ | 1-39 |
| 40 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തുന്നില്ല | 1-40 |
| 41 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പദ്ധതി പൂർത്തീകരിച്ചില്ല | 1-41 |
| 42 | അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | 1-42 |
| 43 | പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല | 1-43 |
| 44 | കോട്ടമാർക്കറ്റ് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ പ്രവർത്തനം സ്തംഭിച്ച | 1-44 |

| | | |
|---|---|---|
| | നിലയിൽ -മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു. | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സഹകരണ പരിശീലനകോളേജിന്റെ വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല നഷ്ടം രൂ 581376/- | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

25119273.50 രൂപ മുന്നിരിപ്പും 191760500 രൂപ വരവും 214258060 രൂപ ചെലവും 2621713.50 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 27.02.2021-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.03.2022-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക 02.06.2022 ൽ എയിംസിൽ സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 31.05.2022 ലെ 4/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച വാർഷിക ധനകാര്യപത്രികയിൽ റസീറ്റ് ആന്റ് പെയ്മെന്റ് പ്രകാരം 25944522.50രൂപ പ്രാരംഭബാക്കിയും 124360377രൂപ തൻവർഷ വരവും 120147152രൂപ തൻവർഷ ചെലവും 30157747.50രൂപ നീക്കിബാക്കിയുമായി ചേർത്തിരിക്കുന്നു. ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരം 206213003രൂപ വരുമാനവും 232542554രൂപ ചെലവും ഉൾപ്പെടുത്തിയിരിക്കുന്നു. തൻവർഷം ലഭിച്ച മുൻകാലവരുമാന തുക 862496രൂപ ഉൾപ്പെടെ 27192047രൂപ തൻവർഷത്തെ പ്രവർത്തന നഷ്ടമായി കണക്കാക്കുന്നു. 31.03.2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 108605818.50 രൂപ ആസ്തിമൂല്യമായും 223358081.10രൂപ ബാദ്ധ്യതയായും ഉൾപ്പെടുത്തിയിരിക്കുന്നു. തൻവർഷത്തെ പഞ്ചായത്ത് ജനറൽ ഫണ്ട് 86270010.40രൂപയുമാണ്. വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ ബി -4

സി എഫ് സി ബേസിക് ഗ്രാന്റിന്റെ നീക്കിയിരിപ്പ് തുക ഉൾപ്പെടുത്തിയിട്ടില്ല
വിവിധ ഇനങ്ങളിലുള്ള നീക്കിയിരുപ്പ് തുക സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകകളുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല.

2) ഷെഡ്യൂൾ ബി -5

2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം ലോൺ തുകയുടെ ഒടുക്കാൻ അവശേഷിക്കുന്ന ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ളത് 6510377/- രൂപയാണ്, എന്നാൽ വർഷാവസാനം 5037043/- രൂപ മാത്രമാണ് ഒടുക്കാൻ അവശേഷിച്ചിരുന്നത്. 5037043/- രൂപയിൽ നിന്ന് തൻവർഷം സ്രോതസ്സിൽ നിന്നും കുറവുചെയ്ത 806666 രൂപ കുറച്ച് 4230377 രൂപയാണ് ലോൺ തുകയുടെ ഒടുക്കാൻ അവശേഷിക്കുന്ന ബാലൻസ്. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

Secured Loans From State Govt. ഇനത്തിൽ 1235000 രൂപ ഒടുക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. മുൻവർഷം ഈയിനത്തിൽ തുക അവശേഷിച്ചിരുന്നില്ല. തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

3) ഷെഡ്യൂൾ ബി-7

ഓരോയിനം ഡെപ്പോസിറ്റിന്റെയും വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് ബാലൻസുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

4) ഷെഡ്യൂൾ ബി -9
വിവിധ ഇനങ്ങളിലുള്ള നീക്കിയിരുപ്പ് തുക സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകകളുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല.
5) ഷെഡ്യൂൾ ബി -11
ആസ്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെ മൂല്യം 29000/- രൂപ എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആയത് ആസ്തിയായി ഉൾപ്പെടുത്തേണ്ടതാണ്.
6) ഷെഡ്യൂൾ ബി-15

Receivables From Govt.(redemption Amount)ഇനത്തിൽ 23501094 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പാസ്ബുക്ക് പ്രകാരം 23254744 രൂപയാണ് തിരിച്ചുപിടിച്ചിരിക്കുന്നത്. വ്യത്യാസമുള്ള 246350 രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

7) ഷെഡ്യൂൾ ബി -16

Prepaid Programme Expenses ഇനത്തിലുള്ള 4630377 രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

8) ഷെഡ്യൂൾ ബി -17

Canara Bank -PFMS-18047 എന്ന അക്കൗണ്ടിന്റെ റിക്കൺസിലേഷൻ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
Treasury Special TSB- Joint Venture 1227 എന്ന അക്കൗണ്ടിൽ 1,000,000 രൂപ അവശേഷിക്കുന്നുണ്ട്. ഇത് ഏത് പദ്ധതിയ്ക്കായി ഏത് വർഷം ലഭിച്ച തുകയാണെന്നതിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.
9) ഷെഡ്യൂൾ ബി-18
ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലുള്ള 12000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബി-18ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

Advance To Others ഇനത്തിലുള്ള 1349862 രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

Electricity Deposit ഇനത്തിൽ മുൻവർഷത്തെ ധനകാര്യ പത്രികയിലെ തുക തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബാലൻസ് തുകയായ 1458/- രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

10) ഷെഡ്യൂൾ ഐ - 9

Miscellaneous Receipts ഇനത്തിലുള്ള 45444/- രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.
11) ഷെഡ്യൂൾ ഐ - 18

Prior Period-Operations And Maintanance Expences ഇനത്തിലെ തുകയായ 1208282/- രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

12) വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
13) വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. വരവ് രജിസ്റ്ററുകളിൽ ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം മാസാന്ത്യത്തിലും വർഷാന്ത്യത്തിലും ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അപാകങ്ങൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25944522.5 |
| വരവ് | 124360377 |
| ആകെ | 150304899.5 |
| ചെലവ് | 120147152 |
| നീക്കിയിരിപ്പ് | 30157747.5 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17716314 | 17716314 | 16184727 | 1531587 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 18179500 | 18179500 | 15872836 | 2306664 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 16100 | 16100 | 0 | 16100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 9358584 | 9358584 | 3590396 | 5768188 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 4574851 | 4574851 | 2523306 | 2051545 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 27182712 | 27182712 | 20062693 | 7120019 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 6628899 | 6628899 | 5088356 | 1540543 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 3021 | 22 | 3043 | 25 | 3018 |
| WGP | 20137 | 525 | 20662 | 0 | 20662 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 418738 | 26489402 | 26908140 | 26904459 | 3681 |
| ഐ.സി.ഡി.എസ്. | 1285523 | 905925 | 2191448 | 956212 | 1235236 |
| ശുചിത്വമിഷൻ | 0 | 180000 | 180000 | 180000 | 0 |
| നബാർഡ് | 10257 | 0 | 10257 | 0 | 10257 |
| ഫെസ്റ്റിവൽ ഗ്രാന്റ് | 0 | 190000 | 190000 | 50679 | 139321 |
| മറ്റ് ഫണ്ടുകൾ | | | | | |
| ദുരിതാശ്വാസ നിധി | 7863 | 0 | 7863 | 0 | 7863 |

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നിവയിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, GO(Rt) No. 2617/2022/Fin. Dtd.31.03.2022 എന്ന സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുക എന്നിവ വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വരവിൽ ഉൾപ്പെടുത്താത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ മുതൽ തിരിച്ചടവ് | 513333 |
| | അങ്കണവാടി അധിക വേതനം | 1708200 |
| | GO(Rt) No. 2617/2022/Fin. Dtd.31.03.2022 പ്രകാരമുള്ള തുക | 389314 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ മുതൽ തിരിച്ചടവ് | 293333 |
| | GO(Rt) No. 2617/2022/Fin. Dtd.31.03.2022 പ്രകാരമുള്ള തുക | 1669500 |
| വികസന ഫണ്ട്-ടി.എസ്.പി. | GO(Rt) No. 2617/2022/Fin. Dtd.31.03.2022 പ്രകാരമുള്ള തുക | 16100 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | GO(Rt) No. 2617/2022/Fin. Dtd.31.03.2022 പ്രകാരമുള്ള തുക | 1955712 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | GO(Rt) No. 2617/2022/Fin. Dtd.31.03.2022 പ്രകാരമുള്ള തുക | 444900 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 338 | 121041293 | 252 | 76860647 | 86 | 74.6 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്റ്റുകൾ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 4324325 | 3620113 | 83.7 |
| വെറ്ററിനറി സർജൻ | 8 | 7 | 2089244 | 1477163 | 70.7 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 8 | 3262412 | 2397857 | 73.5 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 235000 | 235000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 920000 | 915868 | 99.6 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1029000 | 199952 | 19.4 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 18 | 29427273 | 16638217 | 56.5 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 8 | 5434045 | 4997997 | 92 |
| സെക്രട്ടറി | 34 | 25 | 13025424 | 9237931 | 71 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 13 | 4235331 | 4193228 | 99 |
| അസിസ്റ്റന്റ് എൻജിനീയർ | 211 | 144 | 53006333 | 30369280 | 68.3 |
| ഹെഡ്മാസ്റ്റർ | 9 | 7 | 2352906 | 1586818 | 67.4 |
| ഡയറി ഫാം ഇൻസ്പെക്ടർ | 5 | 5 | 1700000 | 991223 | 58.3 |
| ആകെ | 338 | 252 | 121041293 | 76860647 | 63.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 25714323 | 25714323 | 25714323 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 418738 | 775079 | 1193817 | 1190136 | 3681 |
| ആകെ | 418738 | 26489402 | 26908140 | 26904459 | 3681 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6760600 | 449 |
| വിധവാപെൻഷൻ | 15864000 | 1102 |
| വാർദ്ധക്യകാലപെൻഷൻ | 49502800 | 3575 |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 4984500 | 351 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 478000 | 34 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2022 തീയതിയിൽ 11.45ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2797 രൂപ (രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്റിയേഴ് രൂപ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഭൂരിഭാഗം രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.08.2012 മുതൽ 25.08.2012 വരെ | 2007-08 മുതൽ 2011-12 വരെ | 19.10.2012 |
| പെർഫോമൻസ് ഓഡിറ്റ് | 17.02.2022മുതൽ 19.02.2022 വരെ | 04/2021 മുതൽ 12/2021 വരെ | ലഭ്യമായിട്ടില്ല |

## 1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2022-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100119 | 20662 |
| 2 | 320100121 | 1235236 |
| 3 | 320100199 | 601514 |

| | | |
|---|---|---|
| 4 | 320200309 | 3018 |
| 5 | 320200312 | 139321 |
| 6 | 320400101 | 10257 |
| 7 | 320700104 | 135763 |
| 8 | 320700105 | 497324 |
| 9 | 320700204 | 3652947 |
| 10 | 320700205 | 1863730 |
| 11 | 320700304 | 130291 |
| 12 | 320700404 | 292911 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കപ്പെടാതെ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കുകയും ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റുകയും ചെയ്ത് അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

## 1-12 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന എല്ലാ രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, വിതരണവിവരം ഇവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ( ഉദാ.ബുക്ക് നം.54267,54268,54271)

നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ( ഉദാ.ബുക്ക് നം.54267,54268,54269)

മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് കെട്ടിടത്തിൽ വാടകരഹിതമായി സഹകരണപരിശീലനകോളേജ് പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണപരിശീലനകോളേജിന്റെ പ്രവർത്തനം 04.05.2018 മുതൽ പഞ്ചായത്തിന്റെ ഉടസ്ഥതയിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതായി WPC No. 18456 Of 2018 (F) തീയതി 04.12.2020 നമ്പർ വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ടി കെട്ടിടത്തിൽ സഹകരണപരിശീലനകോളേജ് വാടക ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. സ്ഥാപന അധികാരികളുമായി കരാറിൽ ഏർപ്പെടാതെയും വാടക ഈടാക്കാതെയും ഇപ്രകാരം സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/21.12.2022) ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിയ്ക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ടി കെട്ടിടത്തിന്റെ വൈദ്യുത ചാർജ്ജിനത്തിൽ പഞ്ചായത്ത് തുക ചെലവഴിക്കുന്നുമുണ്ട്. പഞ്ചായത്ത് കെട്ടിടത്തിലേയ്ക്ക് സഹകരണപരിശീലനകോളേജിന്റെ പ്രവർത്തനം ആരംഭിച്ച 04.05.2018 മുതൽ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ കെട്ടിടത്തിൽ വാടകരഹിതമായി സഹകരണപരിശീലനകോളേജ് പ്രവർത്തിക്കുന്നത് മൂലം വാടകയിനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നതുകൂടാതെ കെട്ടിടത്തിന്റെ വൈദ്യുതചാർജ്ജ് ഇനത്തിലും തുക ചെലവഴിക്കേണ്ടി വന്നത് പഞ്ചായത്തിന്റെ തനത് ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകരഹിതമായി പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിന് നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അനുമതിയില്ലാതെ വാടകരഹിതമായി കെട്ടിടം വിട്ടുകൊടുത്തത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനും വാടക ഈടാക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കൺവെൻഷൻ സെന്ററിന്റെ ഫ്ലോർ ഏരിയയിൽ കുറവു വരുത്തിയതുമൂലം ലക്ഷങ്ങളുടെ ഫീസ് നഷ്ടമായി.

ഗ്രാമപഞ്ചായത്തിലെ വാർഡ് 11, ഉരുക്കൻ കുന്നിൽ ബാലകൃഷ്ണാ കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനു 2018 ൽ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയിരുന്നു.നിർമ്മാണം 14.02.2021 ൽ പൂർത്തീകരിക്കുകയും ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷകൻ കംപ്ലീഷൻ റിപ്പോർട്ടും കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനുകളും ഗ്രാമപഞ്ചായത്തിൽ 23.02.2021 ൽ സമർപ്പിക്കുകയും ചെയ്തിരുന്നു. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നമ്പർ, വാർഡിന്റെ പേര് | പേര്, വിലാസം | കെട്ടിട വിനിയോഗം (ച.മീ) |
|---|---|---|
| 11/346B, ഉരുക്കൻകുന്ന് | ബി. മുരളീധരൻ &<br>ബി.മധുകുമാർ, ചേതസ് &<br>ശാന്തിനികേതൻ,പെണ്ണക്കര, ആല,പൂമല പി ഒ, | അസംബ്ലി കെട്ടിടം,<br>സെല്ലാർ-1395.24<br>താഴത്തെ നില-1739.44<br>ഒന്നാം നില-1838.67<br>രണ്ടാം നില -1030.9<br>ആകെ - 6004.25 ച.മീ |

| | |
|---|---|
| പെർമിറ്റ് നമ്പർ | 6512/2017-18; 06.01.2018 |
| സർവ്വെ നമ്പർ | 381/12-1 - 13.05 Are<br>381/10-2 –42.30 Are<br>ആകെ – 55.35 Are<br>കിടങ്ങന്നൂർ വില്ലേജ് |
| പ്ലോട്ട് ഏരിയ | 55.35 ആർ' |
| കെട്ടിടത്തിനു നൽകിയ പെർമിറ്റ് ഏരിയ | 5220.79 M2 |
| കെട്ടിടത്തിന്റെ നിലവിലെ ബിൽറ്റ് അപ്പ് ഏരിയ | 6004.25 M2 |
| കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ | 4609.01 M2 |

1) ആദ്യ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ ഫ്ലോർ ഏരിയയിൽ തിരുത്തൽ വരുത്തിയപ്പോൾ FAR അധിക ഫീയിൽ 21.01 ലക്ഷം രൂപ കുറവു വന്നു .

അപേക്ഷകൻ ആദ്യം സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ ബിൽറ്റ് അപ്പ് ഏരിയ 6004.25 M2 ഉം KPBR-2011 ,റൂൾ 8 പ്രകാരമുള്ള കുറവുകൾ വരുത്തിയതിനു ശേഷമുള്ള ഫ്ലോർ ഏരിയ 4609.01 M2 ഉം ആണ്. ഈ വിവരം ഗ്രാമപഞ്ചായത്ത് ഓവർസിയർ 12.03.2021 ൽ റിപ്പോർട്ട് ആയി നൽകുകയും അസിസ്റ്റന്റ് എഞ്ചിനീയർ 13.03.2021 ൽ ഈ റിപ്പോർട്ടിനെ അംഗീകരിച്ചിട്ടുമുണ്ട്. തുടർന്ന് ഫയർ & റസ്ക്യൂ ഡിപ്പാർമെന്റിൽ നിന്നുള്ള അനുമതി, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി, സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാൻ അപേക്ഷകനെ അറിയിക്കുന്നതിനു സെക്ഷൻ ക്ലർക്ക് 17.03.2021 ൽ നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും കത്ത് തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് ഈ വിവരങ്ങൾ അറിയിക്കുന്നതിനു മുമ്പ് അപേക്ഷ റീ സബ്മിഷൻ ആയതായും പുതുക്കിയ അപേക്ഷയിൽ കെട്ടിടത്തിന്റെ ആകെയുള്ള ബിൽറ്റ് അപ്പ് ഏരിയ 5580.08 M2 ആയും ഫ്ലോർ ഏരിയ 4188.54 M2 ആയും കുറഞ്ഞിട്ടുണ്ട് എന്നും സെക്ഷൻ ക്ലർക്ക് 26.04.2021 ൽ ഫയലിൽ എഴുതി. എന്നാൽ ഇപ്രകാരം ആദ്യം സമർപ്പിച്ച കംപ്ലീഷൻ പ്ലാനിലെ ഏരിയ 6004.25 M2 എന്നതു സൈറ്റ് പരിശോധന നടത്തി എഞ്ചിനീയറിംഗ് വിഭാഗം അത് അംഗീകരിച്ചു കൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം ഏരിയയിൽ കുറവു വരുത്തിയത് ക്രമവിരുദ്ധമാണ്. കെട്ടിടത്തിന്റെ നിലവിലെ നികുതി നിർണ്ണയം 6004.25 M2 നുമാണ്.

ഗ്രാമപഞ്ചായത്ത് ഓവർസിയറും അസിസ്റ്റന്റ് എഞ്ചിനീയറും സൈറ്റ് പരിശോധന നടത്തി 12.03.2021 ൽ നൽകിയ റിപ്പോർട്ട് പ്രകാരവും കെട്ടിടത്തിന്റെ ആകെ ബിൽറ്റ് അപ്പ് ഏരിയ 6004.25 M2 ഉം KPBR ,2011 റൂൾ 8 പ്രകാരമുള്ള കുറവുകൾ വരുത്തിക്കൊണ്ടുള്ള ഫ്ലോർ ഏരിയ 4609.01 M2നാണ്. പിന്നീട് ഇതേ ഉദ്യോഗസ്ഥർ തന്നേ 27.04.2021 ൽ ഫ്ലോർ ഏരിയ 4188.54 M2 ആയി കുറവു വരുത്തി. ആയത് ക്രമവിരുദ്ധമാണ്. ഇപ്രകാരം തിരുത്തൽ വരുത്തിയതു

കാരണം ഗ്രാമപഞ്ചാത്തിന FAR അധിക ഫീ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 21.01 ലക്ഷം രൂപ കുറവ് വന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2011 കേരള ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) പ്രകാരം കാറ്റഗറി -II ഗ്രാമപഞ്ചായത്തിൽ അസംബ്ലി വിഭാഗത്തിൽ നിർമ്മിക്കുന്ന (കാറ്റഗറി-D) കെട്ടിടത്തിന ഫീസ് ഇല്ലാതെയുള്ള FAR മൂല്യം 0.70 ഉം ചതുരശ്ര മീറ്ററിന ₹5000 നിരക്കിൽ അധിക ഫീ ഈടാക്കിക്കൊണ്ട് അനവദിക്കാവുന്ന FAR മൂല്യം 1.25 ഉം ആണ്. ഇതു പ്രകാരം കണക്കാക്കേണ്ട അധിക ഫീ താഴെ പറയുന്നു.

| | ഫ്ലോർ ഏരിയ കുറച്ച ഫീ കണക്കാക്കിയത് | നിലവിലെ ഫ്ലോർ ഏരിയ പ്രകാരം കണക്കാക്കേണ്ടത്. |
|---|---|---|
| നിർമ്മിത വിസ്തീർണ്ണം (Built Up Area) | 6004.25 M2 | 6004.25 M2 |
| തറ വിസ്തീർണ്ണം (Floor Area) | 4188.54 M2 | 4609.01 M2 |
| പ്ലോട്ട് ഏരിയ | 5535 M2 | 5535 M2 |
| FAR | ഫ്ലോർ ഏരിയ / പ്ലോട്ട് ഏരിയ = 4188/5535 =0.75 | ഫ്ലോർ ഏരിയ / പ്ലോട്ട് ഏരിയ = 4609/5535 =0.83 |
| അധിക ഫീസില്ലാതെ അനവദനീയമായ FAR | 0.7 | 0.7 |
| അധിക ഫീസില്ലാതെ അനവദനീയമായ വിസ്തീർണ്ണം | 0.70 X 5535 = 3874.5 | 0.70 X 5535 = 3874.5 |
| അധികമായ വിസ്തീർണ്ണം | 4188.54-3874.5 = 314.04 M2 | 4609-3874.5 = 734.5 |
| ഈടാക്കേണ്ട അധികFAR ഫീസ് (FAR 1.25 വരെ ₹5000/m2) | 314.04 X5000 =₹15,70,200 | 734.5 X5000 =₹3672000 |

ഇപ്രകാരം FAR അധിക നിരക്ക് കണക്കാക്കേണ്ടിയിരുന്നത് 36.72 ലക്ഷം രൂപയായിരുന്നു. എന്നാൽ ഫ്ലോർ ഏരിയയിൽ കുറവ് വരുത്തിയതു മൂലം 15.70 ലക്ഷം രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. (അധിക നിർമ്മാണത്തിനുള്ള ക്രമവൽക്കരണ ഫീ ഉൾപ്പെടെ ₹1593704 ,Ch No.10027417/06.05.2021). ഇതനസരിച്ച് കൺവെൻഷൻ സെന്ററിന ഒക്യപ്പൻസി അനവദിച്ച നൽകി. ഇതുമൂലം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ ലഭിക്കേണ്ടിയിരുന്ന ₹21,01,800 രൂപ നഷ്ടപ്പെട്ടിട്ടുണ്ട് (3672000-1570200).

ആദ്യ കംപ്ലീഷൻ പ്ലാനിൽ 4609 M2 ഫ്ലോർ ഏരിയയ്ക്ക് ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗീകാരം നൽകിയിരുന്നു. ഈ പ്ലാനാണ് ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിനം മറ്റു വകുപ്പുകൾക്കും അംഗീകാരത്തിനായി നൽകിയിരുന്നത്. എന്നാൽ 4188.54 M2 ആയി തിരുത്തൽ വരുത്തിയ രണ്ടാമത്തെ പ്ലാനിന അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ.രണ്ടാമത് സമർപ്പിച്ച പ്ലാനിൽ നിന്നും സെല്ലാർ ഫ്ലോറിന്റെ ബിൽറ്റ് അപ്പ് ഏരിയ മുഴുവനായി ഫ്ലോർ ഏരിയയ്ക്കായി കുറവ് ചെയ്തിട്ടുണ്ട്.(1395.24 M2). എന്നാൽ ഈ ഭാഗത്ത് പാർക്കിംഗ് കൂടാതെ 62 M2 ൽ സ്റ്റോറേജും കെട്ടിടത്തിനകത്തുള്ള സ്റ്റെയർ കേസുകളുമുണ്ട്. ഇത് KPBR-2011, റൂൾ

8 പ്രകാരം ഫ്ലോർ ഏരിയ കണക്കാക്കുന്നതിനു ആകെ ബിൽറ്റ് അപ്പ് ഏരിയയിൽ നിന്നും കുറവു ചെയ്യാനാവില്ല. അത് പോലെ കെട്ടിടത്തിന്റെ രണ്ടാം നില യിൽ ഗ്യാലറിയും മിനി ഓഡിറ്റോറിയവുമായി ആകെ ബിൽറ്റ് അപ്പ് ഏരിയ 1030.90 M2 ഉണ്ട്. രണ്ടാമത്തെ പ്ലാനിൽ ഫ്ലോർ ഏരിയ 854.21 M2 ആയി ഈ ഭാഗം കണക്കാക്കിയതും ക്രമപ്രകാരമല്ല.രണ്ടാം നിലയിലെ ആകെ ബിൽറ്റ് അപ്പ് ഏരിയയിൽ നിന്നും 176.69 M2 ഏരിയ എപ്രകാരം ഫ്ലോർ ഏരിയയ്ക്കായി കുറവു ചെയ്തു എന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല.

2) പെർമിറ്റിലെ ഏരിയയിൽ നിന്നും 783.46 M2 അധികം നിർമ്മിച്ചിട്ടും കൺവെൻഷൻ സെന്ററിന്റെ ലേ ഔട്ടിനു ജില്ലാ ടൗൺ പ്ലാനറിൽ നിന്നുമുള്ള അംഗീകാരം ലഭ്യമാക്കിയില്ല .

ബഹു.ജില്ലാ ടൗൺ പ്ലാനറുടെ 16.12.2017 ലെ C-1055/17/D.dis നമ്പർ ഉത്തരവു പ്രകാരം 5220.79 M2കെട്ടിടത്തിന്റെ ലേ ഔട്ടിനു അംഗീകാരം ലഭിച്ചതിനാലാണ് പെർമിറ്റ് നൽകിയതെന്നു കംപ്ലീഷൻ പ്ലാനിനു വേണ്ടിയുള്ള ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് KPBR 2011 റൂൾ 57(1). എന്നാൽ പെർമിറ്റ് നൽകിയ ഏരിയയെ അധികരിച്ച് 6004.25 M2 കെട്ടിടം നിർമ്മിച്ചെങ്കിലും കൺവെൻഷൻ സെന്ററിന്റെ ലേ ഔട്ടിനു ജില്ലാ ടൗൺ പ്ലാനറിൽ നിന്നുമുള്ള അംഗീകാരം ലഭ്യമാക്കിയില്ല. ഈ വിഷയം പരിശോധിക്കുന്നതിനായി സെക്ഷൻ ക്ലർക്ക് 25.02.2021 ൽ നോട്ട് രേഖപ്പെടുത്തിയിരുന്നെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ തുടർ നിർദ്ദേശങ്ങൾ നൽകിയിരുന്നില്ല.

3) ആവശ്യമായ കാർ പാർക്കിംഗ് ഏരിയ സൈറ്റിലില്ല .

KPBR 2011, റൂൾ പ്രകാരം അസംബ്ലി കാറ്റഗറി കെട്ടിടമായ വെഡ്ഡിംഗ് ഹാളിന്റെയോ കമ്മ്യൂണിറ്റി ഹാളിന്റെയോ കാര്യത്തിൽ ഓഡിറ്റോറിയത്തിന്റെയോ ഡൈനിംഗ് ഹാളിന്റെയോ കാർപ്പറ്റ് വിസ്തീർണ്ണം ഏതാണോ കൂടുതൽ അതു മാത്രം പാർക്കിംഗ് ആവശ്യത്തിന് കണക്കിലെടുക്കണം. ഈ കൺവെൻഷൻ സെന്ററിൽ ഗ്രൗണ്ട് ഫ്ലോറിലും ഫസ്റ്റ് ഫ്ലോറിലുമുള്ള ഓഡിറ്റോറിയത്തിന്റെ കാർപ്പറ്റ് ഏരിയ പ്ലാൻ പ്രകാരം 2279.06 M2 ഉണ്ട്.

കാർ പാർക്കിംഗ് ഏരിയ കണക്കാക്കുന്ന വിധം.

2279.06/1.5= 1519.37

1519.37/15 = 102 കാർ പാർക്കിംഗ്

കാറ്റഗറി -II ഗ്രാമപഞ്ചായത്തായതിനാൽ 75% ആയ 77 കാർ പാർക്കിംഗ് സൈറ്റിലുണ്ടാകേണ്ടതാണ്.

എന്നാൽ പാർക്കിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പിൻ വശത്ത് 43 മുതൽ 78 വരെയുള്ള കാർ പാർക്കിഗ് കാണിച്ചത് ശരിയായ സ്ഥലത്തല്ല. ഇവിടെ താഴെ പറയുന്ന ഏരിയയിൽ 16 കാർ പാർക്കിംഗ് ക്രമവിരുദ്ധമായി കാണിച്ചിട്ടുണ്ട്.

Rain Water Harvesting Area-9.5Mx3.5Mx2.8M = 93.1 M2

Fire Fighting Tank – 12Mx4Mx2.5M = 120 M2

Sewage Treatment Plant – 11Mx4.3Mx2M = 94.6 M2

ഇപ്രകാരം ആവശ്യമായ കാർ പാർക്കിംഗ് സൈറ്റിൽ ലഭ്യമല്ലാത്ത കെട്ടിടത്തിനു ഒക്യുപ്പൻസി അനുവദിച്ചു നൽകിയതിനും ഓഡിറ്റിനു ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ വിശദീകരണം നൽകേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചാത്ത് സെക്രട്ടറി മുഖേന ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.38/24-12-2022).ഇതിനു മറുപടിയായി ഫ്ലോർ ഏരിയ രണ്ടാമത് കണക്കാക്കിയത് ശരിയായ രീതിയിലാണ് എന്ന മാത്രമുള്ള മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ ഉണ്ണികൃഷ്ണൻ നായർ അറിയിച്ചത്. സ്റ്റോറേജ് റൂമും രണ്ടു സ്റ്റെയർകേസുമുള്ള സെല്ലാർ ഫ്ലോറിന്റെ ബിൽറ്റ് അപ്പ് ഏരിയ മുഴുവനായി ഫ്ലോർ ഏരിയയ്ക്കായി (1395.25 M2) കുറവു ചെയ്തതു സംബന്ധിച്ചും സെക്കന്റ് ഫ്ലോറിലെ ആകെയുള്ള ബിൽറ്റ് അപ്പ് ഏരിയയിൽ നിന്നും 176.69 M2 ഫ്ലോർ ഏരിയയ്ക്കായി കുറവു ചെയ്തതു (1030.90-854.21) സംബന്ധിച്ചുമുള്ള ഓഡിറ്റ് അന്വേഷണങ്ങൾക്ക് യാതൊരു മറുപടിയും അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയില്ല.

ജില്ലാ ടൗൺ പ്ലാനറിൽ നിന്നും പുതുക്കിയ ലേ ഔട്ടിനും കെട്ടിട പ്ലാനിനും അംഗീകാരം ആവശ്യമില്ല എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയും അംഗീകരിക്കുന്നില്ല. കെട്ടിടത്തിന്റെ കാര്യത്തിൽ ആദ്യ പെർമിറ്റ് ഏരിയയിൽ നിന്നും 783.46 M2 ഏരിയ അധികരിച്ചിട്ടുണ്ട്. (6004.25-5220.79). ഇത് ആദ്യ പെർമിറ്റ് ഏരിയയിൽ നിന്നും 15% അധികരിച്ചിട്ടുള്ളതാണ്.KPBR 2011 ,ചട്ടം 7(10) പ്രകാരം ജില്ലാ /ചീഫ് ടൗൺ പ്ലാനറിൽ നിന്നും അംഗീകാരം വേണ്ട സംഗതികളിൽ പ്ലാനിനും ലേ ഔട്ടിനും അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമേ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകാവു.ഈ കെട്ടിട നിർമ്മാണത്തിൽ അധിക നിർമ്മാണത്തിന് ജില്ലാ ടൗൺ പ്ലാനറിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല.ചട്ടം 19 പ്രകാരം അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ചുള്ള കെട്ടിട നിർമ്മാണത്തിനു പുതിയ പ്ലാനുകളും ഡ്രോയിംഗുകളും സമർപ്പിച്ച് പുതിയ പെർമിറ്റ് എടുക്കേണ്ടതാണ്. ചട്ടം 134 പ്രകാരം പ്ലാൻ വ്യതിചലിച്ചുള്ള നിർമ്മാണം കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കുന്നെങ്കിൽ മാത്രമേ സെക്രട്ടറിയ്ക്കു ക്രമവൽക്കരിക്കാനാകൂ. ഈ അധിക നിർമ്മാണത്തിനു KPBR,2011 ചട്ടം 7(10) പാലിക്കാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കാനാവില്ല.

പാർക്കിംഗ് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾക്ക മറുപടിയായി കെട്ടിടത്തിന്റെ പിൻവശത്തുള്ള Rain Water Harvesting Area, Fire Fighting Tank, Sewage Treatment Plant എന്നിവ ഭൂഗർഭ രീതിയിലാണ് നിർമ്മിച്ചിട്ടുള്ളതെന്നും ഇതിനു മുകളിൽ പാർക്കിംഗ് സൗകര്യമൊരുക്കിയിട്ടുണ്ടെന്നും മറുപടി നൽകി. എന്നാൽ ഇക്കാര്യങ്ങൾ കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തുകയോ സുരക്ഷാ മാനദണ്ഡങ്ങൾ പ്ലാനിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ മറുപടി സംബന്ധിച്ച് തുടരന്വേഷണം നടത്തേണ്ടതാണ്.

ഒക്യുപ്പൻസി നൽകാൻ ശുപാർശ ചെയ്യതും FAR അധിക ഫീസ് കുറവു വരുത്തിയതിനും ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ ഉണ്ണികൃഷ്ണൻ നായർ കെ. , ഓവർസിയർ ശ്രീമതി ദർശന എന്നിവർക്കെതിരെ വകുപ്പുതല നടപടികൾക്ക ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഫ്ലോർ ഏരിയ സംബന്ധിച്ചും പാർക്കിംഗ് സംബന്ധിച്ചുമുള്ള നിജസ്ഥിതി പരിശോധിച്ച റിപ്പോർട്ട് ചെയ്യാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാ ടൗൺ പ്ലാനറിൽ നിന്നുമുള്ള ലേ ഔട്ട് അംഗീകാരം ഇല്ലാത്തതു സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങളിന്മേലും മറ്റ് അപാകതകളിന്മേലും വകുപ്പ തലത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-15 സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ ഈടാക്കാനവശേഷിക്കുന്ന തുക 3.89 ലക്ഷം രൂപ.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 3.89 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പല സർക്കാർ സ്ഥാപനങ്ങളും 2013-14 മുതലുള്ള വസ്തുനികുതി അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 2/76 | ജൂനിയർ എഞ്ചിനിയർ, പി.ഡബ്ല്യ.ഡി ആഫീസ്, മാലക്കര,മാലക്കര പി ഒ. | 600+30+60=690 | 2013-14 മുതൽ 2021-22 വരെ | 6210 |
| 2 | 6/266 | എ ഇ ഒ,വിദ്യാഭ്യാസ ഉപജില്ല,ആറൻമുള,ആറന്മുള പി ഒ | 4350+218+435=5003 | 2020-21 മുതൽ 2021-22 വരെ | 10006 |
| 3 | 6/294 | വില്ലേജ് ആഫീസ്,ആറന്മുള. | 1650+83+165=1898 | 2013-14 മുതൽ 2021-22 വരെ | 20878 |
| 4 | 6/295 A | ജില്ലാ സ്റ്റേഷനറി ഓഫീസർ,ജില്ലാ സ്റ്റേഷനറി ഓഫീസ് , പത്തനംതിട്ട (ആറന്മുള സർക്കിൾ), | 3190+160+319=3669 | 2021-22 | 3669 |
| 5 | 6/295 B | ജില്ലാ സ്റ്റേഷനറി ഓഫീസർ,ജില്ലാ സ്റ്റേഷനറി ഓഫീസ് , പത്തനംതിട്ട (ആറന്മുള സർക്കിൾ) | 3190+160+319=3669 | 2021-22 | 3669 |
| 6 | 6/295 | ജില്ലാ സ്റ്റേഷനറി ഓഫീസർ,ജില്ലാ സ്റ്റേഷനറി ഓഫീസ് , പത്തനംതിട്ട (ആറന്മുള സർക്കിൾ) | 3190+160+319=3669 | 2021-22 | 3669 |
| 7 | 6/296 | ജില്ലാ രജിസ്റ്റാർ,സബ് രജിസ്റ്റാർ ഓഫീസ്, ആറന്മുള, ഒന്നാംനില-മിനി സിവിൽ സ്റ്റേഷൻ,ആറന്മുള | 3031+152+304=3487 | 2013-14 മുതൽ 2021-22 വരെ | 38357 |
| 8 | 6/296 A | ജില്ലാ രജിസ്റ്റാർ,സബ് രജിസ്റ്റാർ ഓഫീസ്, ആറന്മുള, ഒന്നാംനില-മിനി സിവിൽ സ്റ്റേഷൻ,ആറന്മുള | 3031+152+304=3487 | 2013-14 മുതൽ 2021-22 വരെ | 38357 |
| 9 | 6/296 B | ജില്ലാ രജിസ്റ്റാർ,സബ് രജിസ്റ്റാർ ഓഫീസ്, ആറന്മുള, ഒന്നാംനില-മിനി സിവിൽ സ്റ്റേഷൻ,ആറന്മുള | 3031+152+304=3487 | 2013-14 മുതൽ 2021-22 വരെ | 38357 |
| 10 | 6/297 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 4950+248+495=5693 | 2020-21 | 11386 |

| | | | | | |
|---|---|---|---|---|---|
| | | എഞ്ചിനീയർ,മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, സബ് ഡിവിഷൻ-ആറന്മുള,രണ്ടാം നില-മിനി സിവിൽ സ്റ്റേഷൻ,ആറന്മുള, | | മുതൽ 2021-22 വരെ | |
| 11 | 6/297 A | ജില്ലാ ടൂറിസം ഓഫീസർ, ജില്ലാ ടൂറിസം ഓഫീസ്, രണ്ടാം നില- മിനി സിവിൽ സ്റ്റേഷൻ, ആറന്മുള. | 3663+184+367=4214 | 2013-14 മുതൽ 2021-22 വരെ | 46354 |
| 12 | 6/298 | ഫുഡ് സേഫ്റ്റി ഓഫീസർ, ഫുഡ് സേഫ്റ്റി ഓഫീസ് -ആറന്മുള സർക്കിൾ, മൂന്നാം നില-മിനിസിവിൽ സ്റ്റേഷൻ, ആറന്മുള, | 2712+136+272=3120 | 2013-14 മുതൽ 2021-22 വരെ | 34320 |
| 13 | 6/298 A | ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ,ജില്ലാ ചൈൽ പ്രൊട്ടക്ഷൻ ഓഫീസ്, മൂന്നാം നില-മിനി സിവിൽ സ്റ്റേഷൻ, ആറന്മുള. | 2712+136+272=3120 | 2013-14 മുതൽ 2021-22 വരെ | 34320 |
| 14 | 6/298 B | ജിയോളജിസ്റ്റ്.ജിയോളജി ആന്റ് മിനിംഗ് ഡിപ്പാർട്ട്മെന്റ്, മൂന്നാംനില-മിനി സിവിൽ സ്റ്റേഷൻ, ആറന്മുള. | 2712+136+272=3120 | 2013-14 മുതൽ 2021-22 വരെ | 34320 |
| 15 | 6/1008 | ജില്ലപോലീസ് ചീഫ്,എസ് പി.ഓഫീസ്,പത്തനംതിട്ട. | 6377+319+638=7334 | 2015-16 മുതൽ 2021-22 വരെ | 66006 |
| | ആകെ | | | | 3,89,878 |

മേൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ വസ്തുനികുതി ഈടാക്കാതിരുന്നതിന്ന ഓഡിറ്റിന്ന വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/21-12-2022) മറുപടിയായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നോട്ടീസ് നൽകിയിരുന്നതായി മറുപടിയിൽ അറിയിച്ചു. ജില്ലാ സ്റ്റേഷനറി ഓഫീസ് കെട്ടിടങ്ങളുടെ നികുതികൾ ലഭിച്ചതാണെന്നും സാങ്കേതിക കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ലായെന്നും മറുപടിയിൽ അറിയിച്ചു. നികുതി ലഭിച്ചിട്ടും അത് സോഫ്റ്റ്വെയറിൽ യഥാസമയം പോസ്റ്റ് ചെയ്യാത്തതു സംബന്ധിച്ച് വകപ്പുതലത്തിൽ തുടരന്വേഷണം നടത്തേണ്ടതാണ്.കുടശ്ശിക തുക ഈടാക്കി ഓഡിറ്റിന്ന റിപ്പോർട്ടു നൽകേണ്ടതാണ്.

## 1-16 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെയുള്ള കെട്ടിടം. | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിലുള്ള കെട്ടിടം. | 60 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 M2 വരെയുള്ള കെട്ടിടം. | 60 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 M2 ന മുകളിലുള്ള കെട്ടിടം. | 90 |

| ക്രമ നം | ഉടമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | ഷാം പ്ലാവിലകണ്ടത്തിൽ കോശി, പ്ലാവിലകണ്ടത്തിൽ ഹൌസ്, ആറാട്ടുപുഴ പി ഒ (ഉടമസ്ഥന്റെ മേൽ കെട്ടിടങ്ങളോട് ചേർന്നുള്ള 678,679 കെട്ടിടങ്ങൾ 100 M2 ന മുകളിൽ നികുതി നിർണ്ണയിച്ചവയാണ്) | 1/677, 677A, 677B | 30+24+7 | 40 | 60 |
| 2 | വാസുദേവൻപിള്ള, താമരവേലിൽ, കോട്ടയ്ക്കകം, ഇടയാറന്മുള പി ഒ | 3/519, 520, 521 | 37+35+35 | 40 | 60 |
| 3 | സുനിൽകുമാർ.റ്റി, ഇടത്തറവടക്കേതിൽ, ഇടയാറന്മുള, ഇടയാറന്മുള പി ഒ. | 3/552, 553, 554 | 48+67+19 | 40 | 60 |
| 4 | ജെറ്റി ജോർജ്ജ്/ ആശ. കെ. സാം, പനച്ചമൂട്ടിൽ എ. ജെ. ഗാർഡൻസ്, ഇടശ്ശേരിമല, ആറന്മുള പി ഒ (ഉടമസ്ഥന്റെ മേൽ കെട്ടിടങ്ങളോട് ചേർന്നുള്ള 1061,1062 കെട്ടിടങ്ങൾ 100 M2 ന മുകളിൽ നികുതി നിർണ്ണയിച്ചവയാണ്) | 6/1087, 1088 | 30+30 | 40 | 60 |
| 5 | രാധാകൃഷ്ണൻ നായർ / നിർമ്മലാദേവി, പരിയാരത്ത്, ഇടശ്ശേരിമല, ആറന്മുള പി ഒ, | 6/1107, 1108 | 86+78 | 40 | 60 |
| 6 | വിദ്യ, | 6/1111-1116 | 31+16+27+ | 40 | 60 |

| | | | | | |
|---|---|---|---|---|---|
| | കിഴക്കേകല്ലിൻറേത്ത്, ഇടശ്ശേരിമല, ആറന്മുള പി ഒ | | 24+16+29 | | |
| 7 | സുകുമാരൻ നായർ കമലമ്മ, പേരങ്ങാട്ട് ഹൌസ്, കിടങ്ങന്നൂർ, കിടങ്ങന്നൂർ പി ഒ | 9/657 C,D | 57+57 | 40 | 60 |
| 8 | ബിന്ദു.വി.നായർ, ഐശ്വര്യ, കിടങ്ങന്നൂർ | 10/460 | 247 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെൻറർ, ഫ്യുവൽ സ്റ്റേഷൻ -50 | 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ -90 |
| 9 | ജോയി മോൻ.കെ / സുജാ ജോയ്മോൻ, പീടികയിൽ, കിടങ്ങന്നൂർ | 10/522, 523 | 50+51 | 40 | 60 |
| 10 | റജി,ശ്രീമംഗലത്ത്, കോട്ട, കോട്ട പി ഒ | 14/715-721 | 25+25+25+ 25+25+25+25 | 40 | 60 |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾക്ക വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/21-12-2022) മറുപടിയായി ഓഡിറ്റ് പരാമർശങ്ങൾ പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനു റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ₹1.29 ലക്ഷം രൂപ.

2021-22 സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ ₹129030രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 6/1052 | സബ് ഡിവിഷണൽ എൻജിനിയർ, ആറാട്ടുപുഴ,ആറന്മുള പി ഒ. | 6600+330+660=7590 | 2013-14 മുതൽ 2021-22 വരെ | 68310 |
| 2 | 8/602 | റിലിയൻസ് മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് അർക്കിൾ എസ് റോഡ്,നാൽക്കാലിക്കൽ. | 6600+330+660=7590 | 2016-17 മുതൽ 2021-22 വരെ | 45540 |
| 3 | 18/683 | ടവർ വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് അറയിക്കൽ ആർക്കേഡ്, ആറാട്ടുപുഴ,ആറാട്ടുപുഴ പി ഒ. | 6600+330+660=7590 | 2020-21 മുതൽ 2021-22 വരെ | 15180 |
| | | ആകെ | | | 129030 |

കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനു ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/21-12-2022) മറുപടിയായി റിലയൻസ് കമ്പനിയിൽ നിന്നും നികുതി ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടിയിൽ അറിയിച്ചു. കുടിശ്ശിക തുക ഈടാക്കി

ഓഡിറ്റിനു റിപ്പോർട്ട് നൽകി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 വാണിജ്യ കെട്ടിടങ്ങളോടു ചേർന്ന പാർപ്പിടം എന്ന വിനിയോഗത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ഗ്രാമപഞ്ചായത്തിലെ വാർഡുകളിലെ വിവിധ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും വാണിജ്യ കെട്ടിടങ്ങളോടു ചേർന്ന പ്രവർത്തിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങൾ പാർപ്പിടം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 6 രൂപ / ച.മീ ന നിരക്കിൽ നികുതി നിർണ്ണയിച്ചതായി കണ്ടു. ചെറിയ ഏരിയയിൽ പ്രവർത്തിക്കുന്ന ഇവ വാണിജ്യ കെട്ടിടമായി പ്രവർത്തിക്കാൻ സാധ്യതയേറെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) |
|---|---|---|---|
| 1 | പരമേശ്വരൻപിള്ള / ഡോ.നവീൻ.പി<br>കൈലാസം,ഇടയാറന്മുള,ഇടയാറന്മുള പി ഒ | 4/747,748 | 59, 59 |
| 2 | അനിൽ കുമാർ വി റ്റി,വിളയിൽ ശ്രീകൃപ,ഇടയാറന്മുള,ആറന്മുള,ആറന്മുള പി ഒ | 6/527 C | 214 |
| 3 | കൃഷ്ണകുമാർ പി എ,<br>വടക്കേത്ത് ഹൗസ്,കുട്ടമ്പേരൂർ,<br>മാന്നാർ, | 6/678 D,E,F,G | 129, 129,129,129 |
| 4 | മണിവിജയൻ,<br>കണ്ണാരംകോട്ട്,<br>ഇടശ്ശേരിമല,ആറന്മുള പി ഒ | 6/1055,1056 | 75+75 |
| 5 | വിദ്യ,കിഴക്കേകല്ലിന്റേത്ത്,ഇടശ്ശേരിമല,ആറന്മുള പി ഒ | 6/1116 A | 135+13 |
| 6 | പി.രാജു / വൽസല.റ്റി,<br>ആർ.കെ.ഭവൻ,<br>നാൽക്കാലിക്കൽ,<br>നാൽക്കാലിക്കൽ പി ഒ | 8/640, 640 A | 81+51 |
| 7 | സുകുമാരൻ നായർ കമലമ്മ,<br>പേരങ്ങാട്ട് ഹൌസ്,<br>കിടങ്ങന്നൂർ,കിടങ്ങന്നൂർ പി ഒ | 9/657 A,B | 60+60 |
| 8 | കെ.എസ്.ശശിധരൻ നായർ,<br>കിഴക്കേടത്ത് വീട്,കിടങ്ങന്നൂർ. | 10/494,495 | 68+68 |
| 9 | ജോയി മോൻ.കെ / സുജാ<br>ജോയ്മോൻ,പീടികയിൽ,<br>കിടങ്ങന്നൂർ,കിടങ്ങന്നൂർ പി ഒ | 10/524 | 51 |
| 10 | സുനിൽകുമാർ നായർ,<br>സുനിൽ നിവാസ്,കോട്ട,കോട്ട പി ഒ. | 15/467 I,J,K | 87+87+104 |
| 11 | സുജിത് ഇമ്മാനുവേൽ ജോർജ്ജ്,<br>ആനിക്കാട്ട് ബെത് സെയിദ,<br>പടയനാർകുളങ്ങര,കരുനാഗപ്പള്ളി. | 17/596,597,598 | 75,68,15,20 |

ഈ കെട്ടിടങ്ങൾ നിലവിൽ വിനിയോഗക്രമം മാറ്റിയാണോ പ്രവർത്തിക്കുന്നതെന്ന പരിശോധിച്ച ഓഡിറ്റിനു റിപ്പോർട്ടു ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/21-12-2022) മറുപടിയായി യാതൊരു വ്യത്യാസവും മേൽ കെട്ടിടങ്ങൾക്കില്ല എന്ന മറുപടിയാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുള്ളത്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം വാണിജ്യ കെട്ടിടങ്ങൾക്കും മറ്റും ഒക്യുപ്പൻസി

നൽകി രണ്ടു വർഷത്തിനകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താൻ നിർദ്ദേശമുണ്ട്. ആയത് നടത്തിയ ശേഷമുള്ള മറുപടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-19 വാടകപിരിവ്- അപാകങ്ങൾ

വാടക സംബന്ധിച്ച രജിസ്റ്റർ പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 27 മുറികൾ, കോട്ട ഷോപ്പിംഗ് കോംപ്ലക്സിലെ 17 മുറികൾ എന്നിവ ഉൾപ്പെടെ 44 മുറികളാണ് വാടകയ്ക്ക് നൽകുന്നത്. 2021-22 സാമ്പത്തിക വർഷത്തിലെ വാടകപിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വാടക കുറവായി ഈടാക്കി

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളിലെ ചുവടെ ചേർക്കുന്ന മുറികളുടെ 2021-22 ലെ വാടക ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങളും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/21.12.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങളും ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | അപാകങ്ങൾ | സെക്രട്ടറി ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 2 | സജി | 8610 | 10/21 മുതൽ 12/21 വരെയുള്ള വാടക അഡ്വാൻസ് തുകയിൽ അഡ്ജസ്റ്റ് ചെയ്തതിൽ 1206 രൂപ അടവാക്കാൻ അവശേഷിക്കുന്നു.<br>01/22-03/22 വാടക ഡെപ്പോസിറ്റ് തുകയിൽ അഡ്ജസ്റ്റ് ചെയ്തതിൽ 5480രൂപ അടവാക്കാൻ അവശേഷിക്കുന്നു. | ഓഡിറ്റ് എൻക്വയറിയെ തുടർന്ന്<br>1220201036/24.06.2022 രസീതുപ്രകാരം തുക അടവാക്കി. |
| 4 | ഷിനാസർ | 12600 | 01/22 മുതൽ 03/22 വരെയുള്ള വാടക അഡ്വാൻസ് തുകയിൽ അഡ്ജസ്റ്റ് ചെയ്തു. അഡ്വാൻസ് 42840 (ജി എസ് ടി ഉൾപ്പെടെ) രൂപയാണ്. 1764 രൂപ അടവാക്കാൻ അവശേഷിക്കുന്നു. (44604-42840=1764) | അവശേഷിക്കുന്ന വാടക അടവാക്കുന്നതിന് അറിയിപ്പുനൽകിയിട്ടുണ്ട്. |
| 17 | അനിൽ എം കെ | 846 | 01/22 മുതൽ 03/22 വരെ 806 രൂപയാണ് മാസവാടക ഈടാക്കിയിരിക്കുന്നത്. (04/21 മുതൽ 846 രൂപയാണ് മാസവാടക നിശ്ചയിച്ചിരുന്നത്.)<br>01/22 മുതൽ | 01/22 മുതൽ 03/22 വരെ മാസവാടക കുറവായി ഈടാക്കിയിരുന്നു. ആയത് ടിയാൾക്ക് അറിയിപ്പ് നൽകി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | മാസവാടകതുകയിൽ കുറവ് ഉണ്ടായതിന് കാരണം അറിയിക്കേണ്ടതാണ്. | |
| 18 | അനിൽ എം കെ | 628 | 01/22 മുതൽ 03/22 വരെ 598 രൂപയാണ് മാസവാടക ഈടാക്കിയിരിക്കുന്നത്. 04/21 മുതൽ 628 രൂപയാണ് മാസവാടക നിശ്ചയിച്ചിരുന്നത്.) 01/22 മുതൽ മാസവാടകതുകയിൽ കുറവ് ഉണ്ടായതിന് കാരണം4 അറിയിക്കേണ്ടതാണ്. | 01/22 മുതൽ 03/22 വരെ മാസവാടക കുറവായി ഈടാക്കിയിരുന്നു. ആയത് ടിയാൾക്ക് അറിയിപ്പ് നൽകി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| കോട്ട ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 10 | സുമ സുഭാഷ് | 775 | 04/21മുതൽ 03/22 വാടക അടവാക്കിയിട്ടില്ല. | 04/21മുതൽ 03/22 വരെയുള്ള വാടക അടവാക്കിയിട്ടില്ല. തുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണ്. |

സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

2) കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 15,16,20,23,26എന്നീ കടമുറികളും കോട്ട ഷോപ്പിംഗ് കോംപ്ലക്സിലെ 16 ാം നമ്പർ കടമുറിയും 2021- 22 വർഷം വാടകയ്ക്ക് നൽകിയിട്ടില്ല. ഈ കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് ലേലനടപടികളും ക്വട്ടേഷനും നടത്തിയിരുന്നുവെങ്കിലും ആരും പങ്കെടുത്തിരുന്നില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.16/21.12.2022) മറുപടിയായി സെക്രട്ടറി അറിയിച്ചിരിക്കുന്നത്. കടമുറികൾ വാടകയ്ക്ക് നൽകി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല

ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിനും, മാർക്കറ്റ് ലേലത്തിന് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/21.12.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മറ്റി മിനിട്സ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ പുരോഗതി അറിയിക്കേണ്ടതുമാണ്.

## 1-20 വെസ്റ്റേൺ ഘട്ട് ഡെവലപ്മെന്റ് സ്കീം ഇനത്തിലുള്ള തുക തിരികെ അടവാക്കിയില്ല

വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ B-4 ൽ (320100119) വെസ്റ്റേൺ ഘട്ട് ഡെവലപ്മെന്റ് സ്കീം ഇനത്തിൽ 20662 രൂപ അവശേഷിക്കുന്നുണ്ട്. ടി പദ്ധതി നിലവിലില്ലാത്തതിനാൽ തുക തിരികെ അടവാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/22.12.2022) ഭരണസമിതി തീരുമാനത്തോടെ തുക തിരികെ അടവാക്കി അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-21 മുറിച്ചുമാറ്റിയ തടികളുടെ ലേലം ഉറപ്പിച്ച് നൽകിയിട്ടില്ല

പത്തനംതിട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.03.2021 ലെ SFPA2-240/21 നമ്പർ കത്ത് പ്രകാരം 60ാം നമ്പർ അങ്കണവാടി കോമ്പൗണ്ടിൽ നിന്ന് മുറിച്ചുമാറ്റിയ ആഞ്ഞിലി മരത്തിന് 33754 രൂപയുടെയും പത്തനംതിട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.12.2019 ലെ SFPA2-1994/19 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത്

ഓഫീസ് പരിസരത്തെ മരങ്ങൾക്ക് ( ആഞ്ഞിലി ,വാക, തെങ്ങ്) 24455 രൂപയുടെയും വാല്യുവേഷൻ ലഭിച്ചിട്ടുണ്ട്. ഈ മരങ്ങൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/21.12.2022) ലേലനടപടികൾ സ്വീകരിച്ചെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തില്ല എന്നും ഇവ വീണ്ടും ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം ലഭ്യമാക്കി നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തടികൾ ഉപയോഗശൂന്യമാകാതെ ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല

വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ RP-40(b) യിൽ ഉൾപ്പെടുത്തിയിരിക്കുന്ന IOB WGP (നീക്കിയിരിപ്പ്-20662) , IOB സാക്ഷരത (നീക്കിയിരിപ്പ്- 3018) എന്നീ അക്കൗണ്ടുകളിൽ നിലവിൽ ഇടപാടുകൾ നടക്കുന്നില്ല. നിഷ്ക്രിയമായി കിടക്കുന്ന ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2922.12.2022) ഭരണസമിതി തീരുമാനത്തോടെ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-23 ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരേയും അനർഹരേയും യഥാസമയം ഒഴിവാക്കാത്തതിനാൽ സംസ്ഥാനത്തിനു പലിശ ബാദ്ധ്യത.

സേവന പെൻഷൻ വെബ്സൈറ്റിൽ പഞ്ചായത്തിന്റെ ലോഗിനിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടതിനാലും മറ്റു കാരണങ്ങളാലും മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടേയും പുനർവിവാഹം കഴിച്ചിട്ടില്ലായെന്ന സത്യവാങ്മൂലം ഹാജരാക്കാത്തവരുടേയുമായ 479 പെൻഷനേഴ്സിന്റെ പെൻഷൻ തുക തടയപ്പെട്ടിട്ടുണ്ട്.ബാങ്ക് അക്കൗണ്ടുകൾ നിലവിലില്ലാത്ത അക്കൗണ്ടിലേക്കും പെൻഷൻ തുക അനുവദിക്കപ്പെടുന്നുണ്ട്. ഇത്തരം പെൻഷനുകൾ തിരികെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരികെ പോകുന്നുണ്ടെങ്കിലും ആയത് കാലതാമസമെടുക്കുന്നതാണ്. ആയതിനാൽ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ മസ്റ്ററിംഗ് നടത്താത്ത പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം കണക്കിലെടുത്താൽ നിരവധി പേരുടെ പെൻഷൻ തുക കണ്ടെത്തി അവ അതാത് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ലഭ്യമാക്കുന്നതിനു വലിയ തുക ആദ്യം കണ്ടെത്തേണ്ടതുണ്ട്. ആയത് പലിശ ഉൾപ്പെടെയുള്ള അനാവശ്യ ചിലവ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുണ്ടാക്കുന്നുണ്ട്. മേൽ 479 അക്കൗണ്ടുകളിൽ ഭൂരിഭാഗവും മസ്റ്ററിംഗ് പൂർത്തിയാക്കാത്തതോ ഹോം മസ്റ്ററിംഗിനുള്ള അപേക്ഷ സമർപ്പിക്കപ്പെടാത്തതോ ആണ്.ഇവ 08/2019 മുതൽ തടയപ്പെടുന്നതും അക്കൗണ്ടിലേക്ക് പെൻഷൻ തുക ലഭ്യമാക്കുന്നതുമായതിനാൽ വലിയ പെൻഷൻ ചെലവ് ആദ്യ ഘട്ടത്തിൽ സർക്കാരിനുണ്ടാകുന്നുണ്ട്. ഏതാനു ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ ഇനം, പെൻഷൻ ID | പേര്, വിലാസം | പെൻഷൻ കൈമാറാനാവാത്ത തിനുള്ള കാരണം. | കൈമാറാനാവാത്ത പെൻഷൻ തുടർന്നും പെൻഷൻ അക്കൗണ്ടിലേക്ക് വന്ന കാലയളവ് |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ, 10****10**08 | Thankamma, 11/310,Plamkoottathilthekkethil, Erumakkadu, Edayaranmula West P.O 689532 | 28.10.2022. മരണപ്പെട്ടതിനാൽ | 12/2021 മുതൽ 09/2022 വരെ. 10x1600=16000 |
| 2 | കർഷക തൊഴിലാളി പെൻഷൻ, 10****10**41 | Bhargavi, 11/94, Charuvil, Vallana, Erumakkad P.O 689532 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ | 08/2019 -11/2019 - 4800<br>12/2019-04/2020-6100<br>05/2020-08-2020-5200<br>09/2020-12 /2020-5600<br>01/2021-03 |

| | | | | |
|---|---|---|---|---|
| | | | | /2021-4500<br>04/2021-11<br>/2022-32000<br>ആകെ - 58200 |
| 3 | കർഷക തൊഴിലാളി പെൻഷൻ, 10****10**56 | Kochupennu Devaki<br>16/73, Ezhikkadu, Kurichimuttom, Kurichimuttom P.O 689532 | ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ | 11/2020-12/2020 -2800<br>01/2021-03/2021 – 4500<br>04/2021-11/2022 -32000<br>ആകെ - 39300 |
| 4 | വാർദ്ധക്യ കാല പെൻഷൻ, 10****20**52 | K V Varghese<br>17/411 Kuzhangattu Vadakkethil Neervilakom Neervilakom P.O 689122 | ബാങ്ക് അക്കൗണ്ട് നിലവിലില്ലാത്തതിനാൽ<br>12080100015872<br>(Federal Bank-FDRL0001208) | 01/2022 – 11/2022<br>6600<br>(11 മാസവും 600 രൂപ വീതമാണ് ട്രാൻസ്ഫർ ആയത്) |
| 5 | വാർദ്ധക്യ കാല പെൻഷൻ, 10****20**26 | Mariamma Thomas,12/365 Kuravaykkal Binu Bhavan Nalkkalikkal Nalkkalikkal Nalkalikal P.O 689533 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ | 08/2019 -11/2019 - 4800<br>12/2019-04/2020-6100<br>05/2020-08-2020-5200<br>09/2020-12 /2020-5600<br>01/2021-03 /2021-4500<br>04/2021-11 /2022-32000<br>ആകെ - 58200 |
| 6 | വാർദ്ധക്യ കാല പെൻഷൻ, 10****20**68 | Rajamma.m,<br>7/227 Kollamparampil Sreenilayam Edasserimala Edasserimala Aranmula P.O 689533 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ | 08/2019 -11/2019 - 4800<br>12/2019-04/2020-6100<br>05/2020-08-2020-5200<br>09/2020-12 /2020-5600<br>01/2021-03 /2021-4500<br>04/2021-11 /2022-32000<br>ആകെ - 58200 |
| 7 | വാർദ്ധക്യ കാല | Devakiyamma | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ | 08/2019 -11/2019 - 4800 |

| | | | | |
|---|---|---|---|---|
| | പെൻഷൻ, 10****60**52 | 11/82 Devivilasom Erumakkadu Erumakkadu Erumakkad P.O 689532 | | 12/2019-04/2020-6100<br>05/2020-08-2020-5200<br>09/2020-12 /2020-5600<br>01/2021-03 /2021-4500<br>04/2021-11 /2022-32000<br>ആകെ - 58200 |
| 8 | വിധവാ പെൻഷൻ 10****60**24 | Radhamani.N<br>16/291, Block No 43, Ezhikkadu, Kurichimuttam, Kurichimuttom P.O 689532 | പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . | 05/2020-08/2020 -5200<br>09/2020-12 /2020-5600<br>01/2021-03/2021 -4500<br>04/2021-11 /2022-32000<br>ആകെ - 47300 |
| 9 | വിധവാ പെൻഷൻ 10****60**24 | Maya.T.G<br>2/575,Thazhathethil, Malakara P.O 689532 | പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . | 05/2020-08/2020 -5200<br>09/2020-12 /2020-5600<br>01/2021-03/2021 -4500<br>04/2021-11 /2022-32000<br>ആകെ - 47300 |
| 10 | വിധവാ പെൻഷൻ 10****60**65 | Vilasini<br>17/90 Kuruvichettayil Neervilakom Neervilakom Neervilakom P.O 689122 | മരണപ്പെട്ടതിനാൽ | 01/2021- 1500<br>04/2021-05/2022 -22400<br>ആകെ -23900 |

മസ്റ്ററിംഗ് നടത്താത്ത പെൻഷൻ അക്കൗണ്ടുകൾ അടിയന്തിരമായി പരിശോധിക്കേണ്ടതും ശരിയായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. നാളിതുവരെ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്ന അടിയന്തിരമായി ഓഡിറ്റിന്ന വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/23-12-2022) മറുപടിയായി മസ്റ്ററിംഗ് ചെയ്യാത്തതു മൂലം പെൻഷൻ മുടങ്ങിയ ആൾക്കാരെ കണ്ടെത്തി മസ്റ്ററിംഗ് നടത്തുന്നതിന്ന നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുള്ളത്. 2019 ന ശേഷം 3 വർഷം കഴിഞ്ഞിട്ടും ഈ നടപടികൾ പൂർത്തിയായിട്ടില്ലാത്തതു സംബന്ധിച്ച് DDP തലത്തിൽ വകുപ്പുതല അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-24 ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കുന്നതിന്ന മാസങ്ങളുടെ കാലതാമസം.

സേവന പെൻഷൻ വെബ്സൈറ്റിൽ പഞ്ചായത്തിന്റെ ലോഗിനിൽ ലഭ്യമായ വിവരങ്ങൾ വച്ചും ഗ്രാമപഞ്ചായത്തിൽ

രജിസ്റ്റർ ചെയ്തിട്ടുള്ള മരണ രജിസ്റ്റർ/റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും വിവിധ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനു മാസങ്ങൾ കഴിഞ്ഞതിനു ശേഷമേ ക്ഷേമ പെൻഷനുകൾ തടയുന്നതായി കാണുന്നുള്ളൂ. റാൻഡമായി നടത്തിയ പരിശോധനയിൽ ഈ വിഷയം ഓഡിറ്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഈ അപാകത കാരണം അനധികൃതമായി പെൻഷൻ തുക മരണപ്പെട്ട പെൻഷണറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടി വരുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ ഇനം, പെൻഷൻ ID | പേര്, വിലാസം | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | പെൻഷൻ ഇനത്തിൽ അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ, 10****20**26 | ശശിധരൻ ബി,എഴിക്കാട് കോളനി, കുറിച്ചിമുട്ടം,കുറിച്ചിമുട്ടം | 21-02-2021 | 13-12-2021 | 2x1500+8x1600 =15800 |
| 2 | വാർദ്ധക്യ കാല പെൻഷൻ, 10****20**44 | ഭവാനിയമ്മ പാമ്പന വീട്, നീർവിളാകം | 17.03.2021 | 20.07.2021 | 1x1500+3x1600 =6300 |
| 3 | വാർദ്ധക്യ കാല പെൻഷൻ, 10****20**83 | മണിയമ്മ കരുവേലിൽ,ഇടയാറന്മുള | 25.03.2021 | 13.12.2021 | 1x1500+8x1600 =14300 |
| 4 | വാർദ്ധക്യ കാല പെൻഷൻ, 10****20**85 | ചന്ദ്രശേഖരൻ നായർ, സുധി നിവാസ്, ആറന്മുള | 07.03.2021 | 13.12.2021 | 1x1500+8x1600 =14300 |
| 5 | വാർദ്ധക്യ കാല പെൻഷൻ, 10****20**27 | മാത്യൂ, വള്ളിക്കാല താഴത്തേതിൽ,കോട്ട, കാരയ്ക്കാട്, | 31.03.2021 | 13.12.2021 | 1x1500+8x1600 =14300 |
| 6 | വാർദ്ധക്യ കാല പെൻഷൻ, 10****20**95 | സുമതിഗംഗാധരൻ ചരിവു പറമ്പിൽ , കിടങ്ങന്നൂർ | 25.03.2021 | 14.12.2021 | 1x1500+8x1600 =14300 |

മേൽ വിവരിച്ച അപാകതയ്ക്ക് ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/23.12.2022) മറുപടിയായി കാലതാമസം വന്നിട്ടുള്ള സാഹചര്യങ്ങളിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനു നോമിനികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ് എന്ന മറുപടിയാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുള്ളത്. തുക തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. മരണം രജിസ്റ്റർ ചെയ്യുന്ന സന്ദർഭങ്ങളിൽ തന്നെ ക്ഷേമ പെൻഷൻ ലിസ്റ്റിൽ നിന്നും ഗുണഭോക്താക്കളെ ഒഴിവാക്കാൻ അടിയന്തിര നിർദ്ദേശം നൽകാൻ വകുപ്പുതലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 സഹകരണ പരിശീലനകോളേജിന്റെ വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല നഷ്ടം രൂ 581376/-

ആറമുള ഗ്രാമപഞ്ചായത്ത് ഇടശ്ശേരിമല 234 ാം നമ്പർ എൻ എസ് എസ് കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള

കെട്ടിടത്തിൽ സഹകരണ പരിശീലനകോളേജ് 1.9.07 മുതൽ 30.4.18വരെ പ്രവർത്തിച്ചതിന്റെ വാടകയിനത്തിൽ രൂ 581376/-പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടാത്തതും നിയന്ത്രണ അധികാരമില്ലാത്തതുമായ ഒരു സ്ഥാപനത്തിന്റെ വാടകയിനത്തിൽ തുക നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല . വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിരിക്കുന്നു.

## 1-26 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (അലോപ്പതി), നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം മരുന്നു വാങ്ങുന്നതിന് KMSCLഎന്ന ഏജൻസിക്ക് 558810 രൂപ കൈമാറിയതിൽ 406166/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ പേര്/ നമ്പർ | അടച്ച തുക | ബിൽ നം, തീയതി | ലഭ്യമാക്കിയ മരുന്നിന്റെ വില | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | സാന്ത്വന പരിചരണം 188/22 | 358810 | 17720/ 13-11-22 | 653 | 206166 |
| | | | 15460/ 31-10-22 | 17346 | |
| | | | 13548/ 11-10-22 | 8309 | |
| | | | 9482/ 26-08-22 | 12155 | |
| | | | 6342/ 19-07-22 | 55197 | |
| | | | 14916/ 26-10-22 | 264 | |
| | | | 4642/ 19-06-22 | 27060 | |
| | | | 16323/ 08-11-22 | 8213 | |
| | | | 13955/ 11-10-22 | 21597 | |
| | | | 17241/ 15-11-22 | 1850 | |
| | പി.എച്ച്.സി ക്ക് ആവശ്യമായ മരുന്നുവാങ്ങൽ, 210/22 | 200000 | - | - | 200000 |
| | ആകെ | 558810 | | | 406166 |

അവശേഷിക്കുന്ന തുകക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 കരിച്ചിമുട്ടം മൃഗാശുപത്രി കെട്ടിട നിർമ്മാണം പാതി വഴിയിൽ നിലച്ചു.

വാർഡ് 17 ലെ കരിച്ചിമുട്ടം മൃഗാശുപത്രിയുടെ കെട്ടിടം നിർമ്മിക്കുന്നതിനായി 2019-20 ൽ പദ്ധതി ആവിഷ്കരിക്കുകയും 9.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. നേരിട്ടു നടത്തിയ പരിശോധനയിൽ കെട്ടിട നിർമ്മാണം പാതിവഴിയിൽ നിലച്ചതായി കണ്ടു. 2021-22 ൽ പദ്ധതിയ്ക്കായി 7.29 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. 2022-23 ൽ പദ്ധതി പൂർത്തീയാക്കുന്നതിനായി തുക വകയിരുത്തിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ / പേര് | 427/19-20,271/2021-22കറിച്ചിമുട്ടം മൃഗാശുപത്രി കെട്ടിട നിർമ്മാണം. |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് -950000 |
| ചെലവഴിച്ചത് | 285295 (ബിൽ നം. 370/10.01.2022)<br>444640 (ബിൽ നം.657/23.03.2022)<br>ആകെ - 729935 |
| കരാറുകാരൻ | ശ്രീ സുദർശനൻ ആർ, സുദർശന വിലാസം, മാത്തൂർ P.O, ഏനാദിമംഗലം |
| എം ബുക്ക് നമ്പർ | 06/2020-21 |

നിലവിലുള്ള മൃഗാശുപത്രി കെട്ടിടം പൊളിച്ചുമാറ്റിയതിനു ശേഷം അവിടെയാണ് പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരുന്നത്. ഇതിനായി പഴയ കെട്ടിടത്തിനു 56422 രൂപയുടെ മൂല്യനിർണ്ണയം 12.03.2021 ലാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയത്. എന്നാൽ നിലവിൽ ഉപയോഗ യോഗ്യമായ കുറെ കല്ലുകൾ കെട്ടിടത്തിനു മുന്നിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇത് ലേലം ചെയ്യുകയോ പുതിയ കെട്ടിട നിർമ്മാണത്തിനുപയോഗിക്കുകയോ ചെയ്തിട്ടില്ല.



നിലവിലുള്ള കെട്ടിടത്തിന്റെ ബേസ്മെന്റ് നിലനിർത്തിക്കൊണ്ട് ചുറ്റിനും നിശ്ചിത ദൂരത്തിൽ പില്ലറുകൾ സ്ഥാപിച്ചുകൊണ്ട് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തിയാക്കുന്നതിനും പെയിന്റിംഗ് ഉൾപ്പെടെയുള്ള മറ്റു നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നതിനായിരുന്നു 9.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ശ്രീ സുദർശൻ രാഘവൻ എന്നയാളുടെ 829962 രൂപയുടെ ടെണ്ടർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും കരാറുകാരനുമായി 28.05.2020 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു.(എഗ്രിമെന്റ് നമ്പർ:6/AE/lsgd/20-21)

നിലവിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം 763778 രൂപയായി എം ബുക്കിൽ കണക്കാക്കുകയും ചെയ്തിരുന്നു. 2021-22 ൽ രണ്ടു ബില്ലുകളിലായി ആകെ 729935 രൂപ ഈ പ്രവൃത്തിയ്ക്കായി വികസന ഫണ്ടിൽ നിന്നും മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആദ്യ എസ്റ്റിമേറ്റിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്.ഇത് പ്രകാരമാണ് ടെണ്ടർ ലഭിച്ചിട്ടുള്ളതും. എന്നാൽ തുടർന്ന് യാതൊരു റിപ്പോർട്ടും കൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റിലെ ഇനം 12-24 വരെയുള്ള പ്രവൃത്തികൾ ഒഴിവാക്കുകയും ചെയ്തു. പകരം അധിക ഇനമായി DR ഫൗണ്ടേഷനും മണ്ണ് ഫില്ലിംഗുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അതിനാൽ കെട്ടിട നിർമ്മാണം സ്ട്രക്ച്ചറിൽ മാത്രമായി ഒതുങ്ങി. എന്തു കാരണത്താലാണ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനുള്ള ഇനങ്ങൾ ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നു അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് നേരിട്ടു നടത്തിയ പരിശോധനയിൽ കെട്ടിടം നിലവിൽ സ്ട്രക്ച്ചർ മാത്രമായി അവശേഷിക്കുന്നതായി കണ്ടു. നിലവിവുള്ള മൃഗാശുപത്രി കെട്ടിടം വാടകയ്ക്ക് പ്രവർത്തിക്കുന്നതായും അറിഞ്ഞു. ആദ്യ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കിയ ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| ആദ്യ എസ്റ്റിമേറ്റ് ഇനം നമ്പർ | DSR Code | ഇനം |
|---|---|---|
| 12 | 50.9.1.1 | Providing Wood Work In Frames Of Doors, Windows Clerestory Windows And Other Frames, Wrought Framed And Fixed In Position With Hold Fast Lugs Or With Dash Fasteners Of Required Dia & Length (Hold Fast Lugs |

| | | |
|---|---|---|
| | | Or Dash Fastener Shall Be Paid For Separately), Using Good Quality Anjili Wood /Jack Wood |
| 13 | 9.53 | Providing 40x5 Mm Flat Iron Hold Fast 40 Cm Long Including Fixing To Frame With 10 Mm Diameter Bolts, Nuts And Wooden Plugs And Embeddings In Cement Concrete Block 30x10x15 Cm 1:3:6 Mix ( 1 Cement : 3 Coarse Sand : 6 Graded Stone Aggregate 20 Mm Nominal Size) |
| 14 | 14.29 | Providing And Fixing M.S. Round Or Squre Bars With M.S. Flats At Required Spacing In Wooden Frames Of Windows And Clerestory Windows. |
| 15 | 50.9.4.1 | Providing And Fixing Paneling Or Paneling And Glazing In Paneled Or Paneled And Glazed Shutters For Doors, Windows And Clerestory Windows (Area Of Opening For Panel Inserts Excluding Portion Inside Grooves Or Rebates To Be Measured) Paneling For Paneled Or Paneled And Glazed Shutters 25 Mm To 40 Mm Thick Using Good Quality Anjili/ Jack Wood |
| 16 | 50.9.3.1 | Providing And Fixing Paneled Or Paneled And Glazed Shutters For Doors, Windows And Clerestory Windows, 30 Mm Thick Shutters Including ISI Marked M.S. Pressed Butt Hinges Bright Finished Of Required Size With Necessary Screws, Excluding Paneling Which Will Be Paid For Separately, All Complete As Per Direction Of Engineer In- Charge. Using Anjili/ Jack Wood |
| 17 | 50.9.6.1 | Providing And Fixing Glazed Shutters For Doors, Windows And Clerestory Windows Using 4 Mm Thick Float Glass Panes Including ISI Marked M.S. Pressed Butt Hinges Bright Finished Of Required Size With Necessary Screws. Using Anjili Wood / Jack Wood 30 Mm Thick Shutters |
| 18 | 13.4.1 | 12 Mm Cement Plaster Of Mix: |
| 19 | 13.16.1 | 6 Mm Cement Plaster Of Mix: |
| 20 | 13.43.1 | Applying One Coat Of Water Thinnable Cement Primer Of Approved Brand And |

| | | |
|---|---|---|
| | | Manufacture On Wall Surface: |
| 21 | 13.44.1 | Finishing Walls With Water Proofing Cement Paint Of Required Shade: |
| 22 | 13.61.1 | Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade: |
| 23 | 4.1.5 | Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering - All Work Up To Plinth Level: |
| 24 | 11.41.1 | Providing And Laying Vitrified Floor Tiles In Different Sizes (Thickness To Be Specified By The Manufacturer) With Water Absorption Less Than 0.08% And Conforming To IS : 15622, Of Approved Make, In All Colours And Shades, Laid On 20 Mm Thick Cement Mortar 1:4(1 Cement : 4 Coarse Sand), Including Grouting The Joints With White Cement And Matching Pigments Etc., Complete. |

ആദ്യ എസ്റ്റിമേറ്റിൽ നിലവിലുള്ള കെട്ടിടത്തിന്റെ ബേസ്മെന്റ് നിലനിർത്തിക്കൊണ്ട് നാലു പില്ലറുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനായിരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇത് മാറ്റി പുതിയ DR ഫൗണ്ടേഷൻ ഉൾപ്പെടുത്തി. പഴയ കെട്ടിടത്തിന്റെ DR കെട്ട് പൊളിച്ചുമാറ്റിയതിന്റെ കല്ലുകൾ മൃഗാശുപത്രി കെട്ടിടത്തിനു മുന്നിൽ കൂട്ടിയിട്ടിരിക്കുന്നു. ഇത് Departmental Rubble ആയി ഉപയോഗിക്കാതിരുന്നതിനും അത് അനുസരിച്ചുള്ള റിവൈസഡ് എസ്റ്റിമേറ്റ് തയ്യാറാക്കിതിരുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്. നിലവിൽ മൃഗാശുപത്രി കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള തുടർ പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും മറ്റ് അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്കു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35/23-12-2022) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകളിന്മേൽ ഇതിനായി 2021-22 ൽ ചെലവഴിച്ച 729935 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാത്ത പക്ഷം പൊതു ഖജനാവിൽ നിന്നും ചെലവഴിച്ച തുക പാഴ്ചെലവായി മാറുന്നതിനു അധികൃതർ ഉത്തരവാദികളാകുന്നതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ മൃഗാശുപത്രി നിർമ്മാണം പൂർത്തീകരിക്കാനുണ്ടാകേണ്ടതാണ്.

## 1-28 ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ച മിനി MCF കളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 564/2020-21,357/2021-22 |
| ഫണ്ട് വകയിരുത്തിയത് | കേന്ദ്രാവിഷ്കൃത ഫണ്ട്-500000 |
| ചെലവഴിച്ചത് | 412059 (ബിൽ നം.478/09.02.2022) |
| കരാറുകാരൻ | വിനീത് രാജൻ, കാട്ടുപറമ്പിൽ , വല്ലന. |
| എം ബുക്ക് നമ്പർ | 43/2021-22 |

ഗ്രാമപഞ്ചായത്തിലെ 1 മുതൽ 9 വരെയുള്ള വാർഡുകളിൽ മിനി MCF സ്ഥാപിക്കുന്നതിനു 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു.420077 രൂപ ക്വോട്ട് ചെയ്ത വിനീത് രാജന്റെ ടെണ്ടർ അംഗീകരിക്കുകയും ടിയാനെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ സെലക്ഷൻ നോട്ടീസ് ഫയലിനോടൊപ്പം

ഹാജരാക്കിയിട്ടില്ല. കരാറുകാരനുമായി 10-11-2021 ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും നിർമ്മാണം പൂർത്തീകരിച്ച് ഫൈനൽ ബിൽ തുകയായ 4.12 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്.



ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇപ്രകാരം നിർമ്മിക്കപ്പെട്ട മിനി MCF കളിൽ മാലിന്യം നിറഞ്ഞാലും മാറ്റാത്തതിനാൽ പൊതുജനങ്ങൾ ഇതിനു ചുറ്റും മാലിന്യം നിക്ഷേപിക്കുന്ന സാഹചര്യമാണ് കാണാൻ കഴിഞ്ഞത്. 358/2021-22,102/2022-23 പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ 10 മുതൽ 18 വരെയുള്ള വാർഡുകളിൽ മിനി MCF സ്ഥാപിക്കുന്നതിനു 5 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവുണ്ടായിട്ടില്ല. ഈ പദ്ധതി പൂർത്തിയായിട്ടുണ്ടോയെന്ന മറുപടിയിൽ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു ഇപ്രകാരം ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് നിർമ്മിച്ച മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ നിർമ്മാണത്തിനും സ്ഥാപനത്തിനും ശേഷം തുടർ പ്രവർത്തനങ്ങളില്ലാത്തതിനാൽ മാലിന്യകൂമ്പാരങ്ങളായി മാറിയതായി കാണാം. മേൽ വിവരിച്ച അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.37/23-12-2022) നൽകിയിരുന്നെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ/സെക്രട്ടറി എന്നിവർ മറുപടി ലഭ്യമാക്കിയിരുന്നില്ല. മിനി MCF കളിലെ മാലിന്യ പ്രശ്നം അടിയന്തിരമായി പരിഹരിക്കേണ്ടതും ഇതിന്മേൽ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതുമാണ്.ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-29 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത എഴിക്കാട് നൂൽ നൂൽപ്പ് കേന്ദ്രത്തിനായി പദ്ധതി നടപ്പാക്കി.

വാർഡ് 16 ലെ എഴിക്കാട് നൂൽ നൂൽപ്പ് കേന്ദ്രം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 2019-20 ൽ പദ്ധതി ആവിഷ്കരിക്കുകയും 4.40ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽ ക്വോട്ട് ചെയ്ത ശ്രീ മോഹനൻ റ്റി എന്നയാളുടെ കരാർ അംഗീകരിക്കുകയും പദ്ധതിയുടെ ബിൽ തുക 2021-22 ൽ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 39/19-20,256/2021-22 |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് -388699 |
| ചെലവഴിച്ചത് | 355337 (ബിൽ നം.440/08.02.2022)<br>50000 -തനതു ഫണ്ട്. |
| കരാറുകാരൻ | മോഹനൻ റ്റി, ഇരപ്പപാറ, എരുമക്കാട് P.O |
| എം ബുക്ക് നമ്പർ | 06/2020-21 |



നേരിട്ടു നടത്തിയ പരിശോധനയിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ എഴിക്കാട്ടുള്ള ഖാദി ഉൽപ്പാദന കേന്ദ്രത്തിലാണ് വികസന ഫണ്ട് ചെലവഴിച്ച് നവീകരണം നടത്തിയിട്ടുള്ളതെന്നു കണ്ടു. ഈ നൂൽ നൂൽപ്പ് കേന്ദ്രം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും നേരിട്ടു നടത്തിയ പരിശോധനയിൽ കാണുന്നു. ആകെ നടത്തിയ ചെലവിന്റെ 90% വും കെട്ടിടത്തിനകത്തു ടൈൽ ഇടുന്നതിനായിരുന്നു. എം ബുക്കിലെ ഇനം 1 പ്രകാരം റക്റ്റിഫൈഡ് ഗ്ലേസ്ഡ് സെറാമിക് ടൈൽ കെട്ടിടത്തിൽ സ്ഥാപിച്ചതിന് 306189 രൂപ ചെലവഴിച്ചിട്ടുണ്ട് (269.91 M2@1134.41/m2). ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത കെട്ടിടത്തിനായി വികസനഫണ്ട്/തനതുഫണ്ട് 405337 രൂപ ചെലവഴിച്ചതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ആരതി എസ് മോഹൻ, പ്രൊജക്റ്റ് വെറ്റ് ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ആശ വി എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്.ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ ഉണ്ണികൃഷ്ണപിള്ള കെ യും ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതാണ് മേൽ കെട്ടിടമെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (36/23-12-2022) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക 405337 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . ആസ്തി രജിസ്റ്ററിൽ പ്രസ്തുത കെട്ടിടത്തിന്റ രേഖകളോ ഭൂമി സംബന്ധമായ ഉടമസ്ഥാവകാശ രേഖകളോ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് വച്ച ശേഷം പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടു.

2019-20, 2020-21 ൽ എഗ്രിമെന്റ് വച്ച ശേഷം നടപ്പാക്കാതിരുന്ന പ്രവൃത്തികൾ 2021-22 ൽ സ്പിൽ ഓവർ പദ്ധതിയായി തുക വകയിരുത്താതെ ഉപേക്ഷിച്ചതായി കണ്ടു.

A) 2019-20 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ടു .

2020-21 ൽ സ്പിൽ ഓവർ പദ്ധതിയായി തുക വകയിരുത്തി നടപ്പാക്കാതിരുന്ന 2019-20 ലെ പദ്ധതികൾ 2021-22 ൽ തുടർ പദ്ധതിയായി തുക വകയിരുത്താതെ ഉപേക്ഷിച്ചതായി കണ്ടു.. താഴെ പറയുന്ന 15 പ്രവൃത്തികൾ കരാറിൽ ഏർപ്പെട്ടെങ്കിലും നടപ്പായിരുന്നില്ല.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ , പേര് | കരാറുകാരന്റെ പേര് | ഫണ്ട് , 2020-21 ൽ വകയിരുത്തിയ തുക | കരാർ തീയതി ,കരാർ തുക |
|---|---|---|---|---|
| 1 | 410/2019-20, 343/2020-21, Govt . U P S, ആറാട്ടുപുഴ നവീകരണം,വാർഡ് ( പ്രളയക്കെടുതി ) | പ്രസാദ് T N, കാവിൽ കിഴക്കേതിൽ, ഇടയാറന്മുള | വികസന ഫണ്ട് (ജനറൽ )- 450000 | 20.03.2020 450000 |
| 2 | 411/2019-20,344 /2020-21, Govt . L P S, മാലക്കര നവീകരണം,വാർഡ് ( പ്രളയക്കെടുതി ) | അനിൽ കുമാർ N.C സൗപർണ്ണിക, കോട്ട | വികസന ഫണ്ട് (ജനറൽ )- 250050 | 27.10.2020 8.75% കുറവ് |
| 3 | 413/2019-20, 346/2020-21, കോഴിത്തോട് മൂഴിക്കൽ നീർച്ചാൽ സംരക്ഷണം,വാർഡ് 4 ( പ്രളയക്കെടുതി ) | അനിൽ കുമാർ N.C സൗപർണ്ണിക, കോട്ട | വികസന ഫണ്ട് (ജനറൽ )- 680000 | 27.10.2020 1.25% കുറവ് |

| | | | | |
|---|---|---|---|---|
| 4 | 420/2019-20,352 /20-21,<br>പള്ളിമുക്കം ബണ്ട് നിർമാണം ,വാർഡ് 9 ( പ്രളയക്കെടുതി ) | സജിത്ത് കെ, ഓതറേത്ത് , നീർവിളാകം | വികസന ഫണ്ട് (ജനറൽ )-<br>400000 | 25.05.2020,<br>400000 |
| 5 | 423/2019-20,355 /2020-21,<br>എഴിക്കാട് കമ്മ്യൂണിറ്റി ഹാൾ നവീകരണം, വാർഡ് 17<br>( പ്രളയക്കെടുതി ) | അനീഷ് എ, അനീഷ് ഭവനം, പറന്തൽ | വികസന ഫണ്ട് (SCP) -363500 | 30.09.2020<br>363500 |
| 6 | 40/2019-20, 389/2020-21,<br>257/2021-22,<br>ലക്ഷംവീട് കോളനി ശ്മശാന സംരക്ഷണം (8) | സുദർശനൻ , സുദർശന വിലാസം,മാത്രൂർ | ബ്ലോക്ക് പഞ്ചായത്ത് -<br>500000<br>വികസന ഫണ്ട് -79700 | 06.02.2020<br>500346 |
| 7 | 44/2019-20, 390/2020-21,<br>കൊശക്കുഴി കോളനി ബണ്ട് നിർമ്മാണം (4) | A.G രാജ് മോഹൻ നായർ,അമ്പലത്ത് വീട്, അയിരൂർ, ഇടപ്പാവൂർ | വികസന ഫണ്ട് (SCP)-<br>400000 | 27.02.2020,<br>400000 |
| 8 | 70/2019-20, 396/2020-21,<br>വയോജന ക്ഷേമം ഇരിപ്പിടകേന്ദ്രം നിർമ്മിക്കൽ | അനിൽ കുമാർ N.C<br>കോട്ട | വികസന ഫണ്ട് (ജനറൽ)-<br>298860 | 16.03.2020<br>300000 |
| 9 | 72/2019-20, 397/2020-21,<br>കോട്ടയ്ക്കകം ഗ്രാമ കേന്ദ്രം അറ്റകുറ്റപ്പണി | വിവേകാനന്ദ ലേബർ സൊസൈറ്റി,മാലക്കര | തനതുഫണ്ട്-<br>100000 | 30.01.2020<br>100000 |
| 10 | 84/2019-20, 399/2020-21,<br>ആറാട്ടുപുഴ ഗവണ്മെന്റ് യു പി എസ് അടിസ്ഥാന സൗകര്യം | വിവേകാനന്ദ ലേബർ സൊസൈറ്റി,മാലക്കര | മെയിന്റനൻസ് ഗ്രാന്റ (നോൺ റോഡ്) -<br>150000 | 30.01.2020<br>150000 |
| 11 | 85/2019-20, 400/2020-21,<br>കെ ഡി എം ജി എൽ പി സ്കൂൾ അടിസ്ഥാന സൗകര്യം | അനിൽ കുമാർ സി, സൗപർണ്ണിക, കോട്ട | മെയിന്റനൻസ് ഗ്രാന്റ (നോൺ റോഡ്) -<br>100000 | 16.03.2020<br>100000 |
| 12 | 213/2019-20, 440/2020-21,<br>265/2021-22,<br>വാഴക്കാല പടി | സജിത്ത് കെ, ഓതിരേത്ത്, നീർവിളാകം | വികസന ഫണ്ട്<br>(SCP)- 200000 | 13.12.2019<br>200000 |

| | | | | |
|---|---|---|---|---|
| | കുഴിയുഴത്തിൽ പടി റോഡ് കോണ്ക്രീറ്റിംഗ്(18) | | | |
| 13 | 408/2019-20, 455/2020-21, 268/2021-22, വല്ലന ആശുപത്രിപെരുംതോട് റോഡ് കോൺക്രീറ്റിംഗ് | മോഹനൻ റ്റി, ഇരപ്പൻപാറ | മെയിന്റനൻസ് ഗ്രാന്റ (റോഡ്) -250000 | 06.02.2020 223049 |
| 14 | 63/2019-20,481 /2020-21, അംഗനവാടി നമ്പർ-45 പുനരുദ്ധാരണം (12) | രാജൻ പി മാത്യു, ഇടയാറന്മുള | മെയിന്റനൻസ് ഗ്രാന്റ (നോൺ റോഡ്) -300000 | 09.03.2020 300000 |
| 15 | 449/2019-20, 503/2021-21, നെടിയകാലാ ശിവസദനം റോഡ് സൈഡ്കട്ട് | സജിത്ത് കെ, ഓതറേത്ത്, നീർവിളാകം | മെയിന്റനൻസ് ഗ്രാന്റ (റോഡ്) -293700 | 09.09.2020 293700 |

B) 2020-21 ൽ എഗ്രിമെന്റിൽ ഏർപ്പെട്ട ശേഷം ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ .

താഴെ പറയുന്ന പ്രവൃത്തികൾ 2020-21 ൽ വിവിധ കാരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെട്ട ശേഷം 2021-22 ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ഉപേക്ഷിച്ചതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ , പേര് | കരാറുകാരന്റെ പേര് | ഫണ്ട് , 2020-21 ൽ വകയിരുത്തിയ തുക | കരാർ തീയതി , കരാർ തുക |
|---|---|---|---|---|
| 1 | 14/2020-21, കണ്ണംപ്ലാക്കുഴി റോഡ് ഇന്റർ ലോക്ക് കട്ട പാകൽ | വിൽസൺ കെ.ജി, എൻ എസ് കോട്ടേജ്, പറന്തൽ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്), 145000 | 12.10.2020 145000 |
| 2 | 167/20-21, പുന്നത്തു കുന്നേൽ കോളനി റോഡ് കോൺക്രീറ്റിംഗ് ഫില്ലിംഗ് | സജിത്ത് കെ , ഓതറേത്ത്, നീർവിളാകം | ധനകാര്യ കമ്മീഷൻ - 100000 | 01.02.2021 100000 |
| 3 | 187/20-21, വിളക്കുമാടം സാംസ്കാരിക കവാടം- നിർമാണം | P.R പുരുഷോത്തമൻ നായർ, പുതുപറമ്പിൽ, ഇടയാറന്മുള | തനതുഫണ്ട് - 350000 | 20.10.2020 350000 |
| 4 | 537/2020-21, വേളിക്കാട്ടുപടി- പുതുമാലില്പടി റോഡ് | സജിത്ത് കെ , ഓതറേത്ത്, നീർവിളാകം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 100000 | 01.02.2021 100000 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംഗ് | | | |
| 5 | 551/2020-21,<br>ടേക്ക് എ ബ്രേക്ക് - ഓഫീസ് കോമ്പൌണ്ടിലെ ടോയ് ലറ്റ് നവീകരണം | പ്രസാദ് റ്റി എൻ,<br>കാവിൽ കിഴക്കേതിൽ,<br>കാർത്തിക | ധനകാര്യ കമ്മീഷൻ - 450000<br>കേന്ദ്ര ഫണ്ട്- 150000<br>ജില്ലാ പഞ്ചായത്ത് -200000<br>ആകെ - 800000 | 06.11.2020<br>572200 |

C) 2022-23 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്താതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ .

താഴെ പറയുന്ന രണ്ടു പ്രവൃത്തികൾ 2020-21 ൽ കരാറിൽ ഏർപ്പെടുകയും 2021-22 ൽ സ്പിൽ ഓവറായി ഉടരുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതി 2022-23 ൽ തുക വകയിരുത്താതെ ഉപേക്ഷിക്കപ്പെട്ടു.

| | | | | |
|---|---|---|---|---|
| 1 | 49/20-21,<br>277/21-22,<br>പനവേലിപ്പുറത്ത് - കന്നുത്തുപടി മെക്കോൺ പടി റോഡ് കോൺക്രീറ്റിംഗ് | K S വിൽസൺ,<br>N S കോട്ടേജ്,<br>പറന്തൽ | ധനകാര്യ കമ്മീഷൻ --165000<br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 104428<br>ആകെ - 269428 | 27.10.2020<br>269428 |
| 2 | 87/20-21,<br>285/21-22,പരുത്തുപാറ-മെക്കോൺ പടി റോഡ് കോൺക്രീറ്റിംഗ് | ബിജു തോമസ് ജോൺ,<br>പൂവത്തുമ്മൂട്ടിൽ,<br>വരയന്നൂർ,<br>പുല്ലാട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 204500 | 25.09.2020<br>204500 |

മേൽ മൂന്നു ഓഡിറ്റ് നിരീക്ഷണങ്ങളിൽ (A,B,C) കരാർ വച്ച പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരുടെ ഡെപ്പോസിറ്റ് തുക തനതു ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങളും പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടതിന്റെ കാരണങ്ങളും ഓഡിറ്റിനു വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം,20/21-12-2022) മറുപടിയായി മുൻ അസിസ്റ്റന്റ് എഞ്ചിനീയർക്കു എൻക്വയറികൾ കൈമാറി എന്ന മറുപടിയാണ് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയത്. ആയതിനാൽ ഈ പദ്ധതികളുടെ സെക്യൂരിറ്റ് ഡെപ്പോസിറ്റ് തുക തിരികെ നൽകിയോ എന്നും അല്ലാത്ത പക്ഷം തനതുഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ രേഖകളും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റിനു റിപ്പോർട്ട് നൽകേണ്ടതാണ്. കരാർ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ടതിനു കാരണക്കാരായ കരാറുകാർക്കെതിരെ PWD മാന്വൽ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയായി നൽകേണ്ടതാണ്. ഇത്രയും പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ടതു സംബന്ധിച്ച് ഭരണസമിതി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 വർഷങ്ങളായി തുക വകയിരുത്തിയിട്ടും നടപ്പാക്കാനാവാത്ത പദ്ധതികൾ.

താഴെ പറയുന്ന പ്രവൃത്തികൾ 2019-20,2020-21, 2021-22 വാർഷിക പദ്ധതികളിൽ തുക വകയിരുത്തുന്നു ണ്ടെങ്കിലും നാളിതുവരെ നടപ്പാക്കാനായിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ , പേര് | ഫണ്ട് , വിവിധ വർഷങ്ങളിൽ വകയിരുത്തിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | 390/2019-20,369/20-21,<br>കോട്ട -ലക്ഷംവീട് കുടിവെള്ള പദ്ധതി പുനരുദ്ധാരണം (14) | വികസന ഫണ്ട് (SCP)-150000 |
| 2 | 391/2019-20, 370/2020-21,<br>മുടിമല കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം (10) | വികസന ഫണ്ട് (SCP)-100000 |
| 3 | 311/2019-20, 376/2020-21,<br>കോട്ട ഡി വി എൽ പി എസ് , ഉാഹ ഗവ എസ് എൻ ഡി പി സ്കൂൾ എന്നിവിടങ്ങളിൽ ശുചിമുറി | വികസന ഫണ്ട് (ജനറൽ ) - 200000 |
| 4 | 337/2019-20,380/2020-21,<br>253/2021-22<br>വല്ലന മുസ്ലിംപള്ളി - വയൽ റോഡ് നടപ്പാത കോൺക്രീറ്റിംഗ് | വികസന ഫണ്ട് (SCP) - 100000 |
| 5 | 301/2019-20,472/2020-21,<br>കോട്ട കുടിവെള്ളപദ്ധതി | വികസന ഫണ്ട് (SCP) - 362326<br>ജില്ലാ പഞ്ചായത്ത്- 51936<br>ആകെ - 414262 |
| 6 | 108/2019-20, 484/2020-21,<br>തലക്കോട്ടുമല - മോടിയുഴത്തിൽ - വടക്കേതിൽ നടപ്പാത നിർമ്മാണം (13) | വികസന ഫണ്ട് (SCP) - 105284 |
| 7 | 400/2019-20, 496/2020-21,<br>കോട്ട സാംസ്കാരിക നിലയം അടിസ്ഥാന സൗകര്യം (അംഗനവാടി-38) (15) | വികസന ഫണ്ട് (SCP) -250000<br>കേന്ദ്ര ഫണ്ട്<br>-100000<br>ആകെ -350000 |
| 8 | 430/2019-20, 500/2020-21,<br>272/2021-22,<br>കിടങ്ങന്നൂർ ലക്ഷം വീട്കോളനിസംരക്ഷണം(8) | വികസന ഫണ്ട് (SCP) - 100000 |
| 9 | 20/20-21,<br>316/21-22,<br>പൊയ്കമുക്ക് - ട്രാൻസ്ഫോർമർ പടി - ചെമ്പൻചിറ മല റോഡ് റീ ടാറിങ് 15 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്),456000 |
| 10 | 207/2020-21,<br>310/2021-22,<br>കോട്ട ലക്ഷം വീട് കോളനി പൊതുകിണർ സംരക്ഷണം | ധനകാര്യ കമ്മീഷൻ - 250000 |
| 11 | 214/20-21, | വികസന ഫണ്ട് |

| | | |
|---|---|---|
| | 298/21-22,<br>47-ാം നമ്പർ അംഗൻവാടി കിണർ നിർമാണം | (SCP) - 10000 |
| 12 | 556/2020-21,<br>304/2021-22,<br>ആറൻമുള സാംസ്കാരിക നിലയം ശുചിമുറി | ധനകാര്യ കമ്മീഷൻ - 356214 |
| 12 | 565/2020-21,<br>358/2021-22,<br>ഗ്രാമ പഞ്ചായത്തിലെ 10- 18 വാർഡുകളിൽ മിനി MCF സ്ഥാപിക്കൽ | കേന്ദ്ര ഫണ്ട് - 500000 |

മേൽ പദ്ധതികൾ വിവിധ വർഷങ്ങളായി ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളിൽ തുക വകയിരുത്തുന്ന പദ്ധതികളാണ്. ഇവ നടപ്പാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിനു വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/21-12-2022) മറുപടിയായി മുൻ അസിസ്റ്റന്റ് എഞ്ചിനീയർക്കു എൻക്വയറികൾ കൈമാറി എന്ന മറുപടിയാണ് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയത്. ഇത്രയും പ്രവൃത്തികൾ തുടർച്ചയായി തുക വകയിരുത്തുന്നുണ്ടെങ്കിലും നടപ്പാക്കാതിരിക്കുന്നത് സംബന്ധിച്ച് ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതും പദ്ധതികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർമ്മാണം പൂർത്തീകരിക്കാത്തവർക്കെതിരെ തുടർനടപടിയില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ഭൂമിയുള്ള ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനും ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണത്തിനായി വിവിധ ഗഡുക്കളായി ധനസഹായം ലഭിച്ച താഴെച്ചേർക്കുന്ന ഗുണഭോക്താക്കൾ അർഹമായ തുക പൂർണ്ണമായി കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് ധനസഹായ വിതരണം സംബന്ധിച്ച വിവിധ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ വ്യക്തമാകുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മുരുകൻ, അശ്വതി ഭവനം | 40,000 | 10.07.2018-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 2 | വസുന്ധര, വട്ടന്റെ പറമ്പിൽ | 3,60,000 | 28.03.2019 വരെ 4 ഗഡു കൈപ്പറ്റി. |
| 3 | സി.ജി.തങ്കമ്മ, പൊയ്കമോടിയിൽ | 2,50,000 | 16.07.2020 വരെ 3 ഗഡു കൈപ്പറ്റി. |
| 4 | വാസുദേവൻ, ചരുവിൽ | 3,60,000 | 03.04.2019 വരെ 4 ഗഡു കൈപ്പറ്റി. |
| 5 | തുളസീധരൻ നായർ, തൈപ്ലാവ് നിൽക്കുന്നതിൽ | 40,000 | 13.07.2018-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 6 | ശ്രീധരൻ നായർ, ശ്രീകൃഷ്ണവിലാസം | 40,000 | 13.07.2018-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 7 | ജയചന്ദ്രൻ, വൈയിരിശ്ശേരിൽ | 3,60,000 | 28.03.2019 വരെ 3 ഗഡു കൈപ്പറ്റി. |
| 8 | രാധാമണി, ചരിവുകാലായിൽ | 40,000 | 13.07.2018-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 9 | ഉണ്ണിക്യഷ്ണൻ, കടുവാക്കാട്ടിൽ | 2,00,000 | 08.03.2019 വരെ 3 ഗഡു കൈപ്പറ്റി. |
| 10 | വൽസ, മലയുടെ ചരിവിൽ | 2,00,000 | 30.12.2020 വരെ 2 ഗഡു കൈപ്പറ്റി. |
| 11 | പ്രസന്ന, മുരിങ്ങത്തറയിൽ | 3,00,000 | 08.03.2019 വരെ 4 ഗഡു കൈപ്പറ്റി. |
| 12 | വാസുദേവൻ, ബ്ലോക്ക് നം. 95 | 40,000 | 30.01.2021-ൽ ആദ്യ ഗഡു കൈപ്പറ്റി. |

| | | | |
|---|---|---|---|
| 13 | തങ്കമ്മ കെ.ബി, (മേൽവിലാസം ലഭ്യമല്ല) | 40,000 | 22.11.2021-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 14 | നിത്യശ്രീ, കാഞ്ഞിരം നിൽക്കുന്നതിൽ | 3,00,000 | 22.10.2021 വരെ 3 ഗഡു കൈപ്പറ്റി. |
| 15 | വസുമതി, തെക്കേ പള്ളത്ത് | 3,00,000 | 12.11.2021 വരെ 3 ഗഡു കൈപ്പറ്റി. |
| 16 | ചന്ദ്രൻ ആശാരി, കൈപ്പള്ളിമലയിൽ | 40,000 | 25.06.2021-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 17 | സജിത, ചിന്നാലിൽ | 2,00,000 | 22.10.2021 വരെ 2 ഗഡു കൈപ്പറ്റി. |
| 18 | ആതിര, വരിക്കാട്ടിൽ പടിഞ്ഞാറ്റേതിൽ | 40,000 | 07.01.2021-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 19 | ശ്രീധരൻ, ലക്ഷംവീട്, കോട്ട | 3,60,000 | 22.10.2021 വരെ 3 ഗഡു കൈപ്പറ്റി. |
| 20 | സലിൻ രാജ്, കരിമാരേത്ത് തുണ്ടിൽ | 40,000 | 27.03.2021-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 21 | മഞ്ജുമോൾ, പേഴുംകോട്ട് മോടിയിൽ | 40,000 | 22.10.2021-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 22 | പൊന്നമ്മ, കിഴക്കുംകര മോടിയിൽ | 40,000 | 07.12.2021-ൽ ആദ്യ ഗഡു കൈപ്പറ്റി. |
| 23 | സന്ധ്യ, മണലൊടിയിൽ | ---- | വസ്തു വാങ്ങുന്നതിന് 29.07.2020-ൽ 2,00,000 രൂപ ധനസഹായം ലഭിച്ചു. ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 24 | രഞ്ജിനി, കൊച്ചുപറമ്പിൽ | ---- | വസ്തു വാങ്ങുന്നതിന് 29.07.2020-ൽ 2,25,000 രൂപ ധനസഹായം ലഭിച്ചു. ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. |

ഭവന നിർമ്മാണത്തിന്റെ ഭാഗമായി വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിനും വസ്തു വാങ്ങുന്നതിന് ധനസഹായം ലഭിച്ചവർ ഭവന നിർമ്മാണം ആരംഭിക്കാതിരുന്നതിനും ഇടയാക്കിയ സാഹചര്യം വിശദമാക്കുവാനും ഇവർക്കെതിരെ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 12/20.12.22) നൽകിയിരുന്നു. ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം, ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ടി ഗുണഭോക്താക്കളെ നേരിൽ സന്ദർശിച്ച് നിർദ്ദേശം നൽകുകയും വാർഡ് പ്രതിനിധികൾ മുഖേനയും നോട്ടീസ് മുഖേനയും അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ പുരോഗതി ഉണ്ടായില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാർ ലംഘനം നടത്തിയ ഗുണഭോക്താക്കൾക്കെതിരെ യഥാസമയം തുടർനടപടി സ്വീകരിക്കുന്നതിൽ കാലാകാലങ്ങളിൽ ചുമതലയുണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ പരാജയപ്പെട്ടതിനാലാണ് ടി സാഹചര്യം സംജാതമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-33 ജാഗ്രതാ സമിതി - പദ്ധതി നടപ്പാക്കുന്നില്ല

ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം മുതൽ 21-22 സാമ്പത്തിക വർഷം വരെ ആവിഷ്കരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രോജക്ട് നം | വകയിരുത്തിയ തുക (തനത് ഫണ്ട്) | ചെലവ് തുക |
|---|---|---|---|
| 16-17 | 161/17 | 20000 | 0 |
| 17-18 | 214/18 | 35000 | 0 |
| 18-19 | 387/19 സ്പിൽ ഓവർ | 35000 | 0 |
| 19-20 | 249/20 | 10000 | 0 |
| 20-21 | 525/21 സ്പിൽ ഓവർ | 10000 | 0 |

| | | | |
|---|---|---|---|
| 21-22 | 311/22 സ്പിൽ ഓവർ | 10000 | 0 |

ജാഗ്രതാസമിതി പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം മുതൽ തനത്ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുന്നുണ്ടെങ്കിലും തുക ചെലവഴിക്കുന്നില്ല. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹിത സൃഷ്ടിക്കുവേണ്ടി പ്രവർത്തിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ പ്രാധാന്യമർഹിക്കുന്ന പദ്ധതിയ്ക്കായി തുടർച്ചയായ വർഷങ്ങളിൽ തുക ചെലവഴിക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയില്ല. 2022-23 സാമ്പത്തിക വർഷവും 50,000 രൂപ തനത് ഫണ്ട് ഇനത്തിൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവ് വരെ തുക ചെലവഴിച്ചിട്ടില്ല. തുടർച്ചയായ 7 വർഷങ്ങളിൽ ജാഗ്രതാ സമിതിയ്ക്കുവേണ്ടി പദ്ധതി രൂപീകരിച്ചിട്ടും ജാഗ്രതാ സമിതി പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ സവിശേഷമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-34 ധനകാര്യ കമ്മിഷൻ അവാർഡ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

സ ഉ (കൈ) നം84/2022 ത സ്വ ഭ വ തി19.4.22 മാർഗ്ഗ രേഖ 6.7 (3) പ്രകാരം ടൈഡ് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന വിഹിതം ശുചിത്വം മാലിന്യസംസ്കരണം,.കുടിവെള്ള പ്രോജക്ടുകൾ ,മഴകൊയ്ത്തേത്ത് ,ജലത്തിന്റെ പുന ചക്രമണം എന്നി അടിസ്ഥാന സേവനങ്ങൾക്ക മാത്രമായി വിനിയോഗിക്കേണ്ടതാണ്. എന്നാൽ ഗ്രാം പഞ്ചയാത്ത് 2021-22 വർഷം ടൈഡ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഉപയോഗിച്ച് സർക്കാർ നിർദ്ദശത്തിനു വിരുദ്ധമായി താഴെ പരയുന്ന പദ്ധതി നടപ്പിലാക്കി

| പദ്ധതി നം | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| 224/22 | പൈപ്പ് ലൈൻ നീട്ടൽ വിവിധ വാർഡുകളിൽ | 2419500 |

ഇപ്രകാരം സർക്കാർ നിർദ്ദേശങ്ങക്ക് വിരുദ്ധമായി ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതും സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-35 തെരുവ് വിളക്കുകൾക്ക് ആവശ്യമായ എൽ. ഇ. ഡി. ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 396/22 |
| പദ്ധതി | തെരുവ് വിളക്കുകൾക്ക് ആവശ്യമായ എൽ.ഇ.ഡി ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 30,0000 (ധനകാര്യകമ്മിഷൻ അവാർഡ്) |

മേൽ പദ്ധതിയിൽപ്പെടുത്തി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 299,900 രൂപയുടെ ലൈറ്റുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 17/20 W Led ബൾബ് | 675 |
| പ്ളാസ്റ്റിക് ഷെയ്ഡ് | 200 |
| ഇൻസുലേഷൻ ടേപ്പ് | 100 Roll |
| പ്ളാസ്റ്റിക്ഹോൾഡർ | 500 |
| 1.5 SQ അലുമിനിയം വയർ | 36 R0ll |

എന്നാൽ വാങ്ങിയ ലൈറ്റുകൾ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കി ലൈറ്റുകൾ എതൊക്കെ പോസ്റ്റുകളിൽ എന്ന സ്ഥാപിച്ചുവെന്ന് വ്യക്തത ഉണ്ടെങ്കിൽ മാത്രമേ ലൈറ്റുകൾ കേടാകുന്ന പക്ഷം വാറന്റി പിരിയഡിൽ മാറ്റി സ്ഥാപിക്കുവാൻ സാധിക്കുകയുള്ളു. വാങ്ങുന്ന ലൈറ്റുകൾ സ്റ്റോക്കിലെടുക്കുകയോ ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള രേഖ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

വാങ്ങുന്നലൈറ്റുകൾ കേടായിപോയാൽ വാറന്റിയിൽ മാറ്റി ലഭിക്കുന്നതിനോവേണ്ടിയുള്ള യാതൊരു വിധ നടപടികളും സ്വീകരിക്കുന്നില്ലായെന്നു കാണുന്നു. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-36 നിക്ഷേപ വേലകൾക്ക് നൽകിയ മുൻകൂർ - വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രവൃത്തി | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | തുക |
|---|---|---|---|
| സെക്രട്ടറി | പോസ്റ്റ് സ്ഥാപിച്ച് ലൈൻവലിക്കൽ (S0025/22) | കെ.എസ്. ഇ. ബി. | 98966 |
| സെക്രട്ടറി | പോസ്റ്റ് മാറി സ്ഥാപിക്കൽ (S0010/22) | കെ. എസ്. ഇ. ബി. | 104486 |
| സെക്രട്ടറി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ(S0027/22) | കെ. എസ്. ഇ. ബി. | 409143 |
| സെക്രട്ടറി | വിവിധ വാർഡുകളിലെ ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(S00224/22) | വാട്ടർ അതോറിറ്റി | 2450000 |
| അസി.സെക്രട്ടറി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0099/22 | വാട്ടർ അതോറിറ്റി | 570000 |
| അസി.സെക്രട്ടറി | പോസ്റ്റ് ഇട്ട് ലൈൻ വലിക്കൽ S00411/22 | കെ എസ് ഇ ബി | 16127 |
| അസി.സെക്രട്ടറി | കോമാട്ടമോടി കുടിവെള്ള പദ്ധതി അധിക തുക അടവാക്കൽ (S00395/22) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 197490 |
| അസി.സെക്രട്ടറി | പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ S0048/22 | കെ.എസ്.ഇ.ബി. | 192561 |
| ആകെ | | | 4038773 |

വിനിയോഗ വിവരം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-37 നിലവിലില്ലാത്ത ബൾബുകൾക്ക് താരിഫ് നൽകുന്നു - പ്രതിവർഷ നഷ്ടം 15.57ലക്ഷം രൂപ

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ബിൽ പരിശോധിച്ചതിൽ 98സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകൾക്ക് പ്രത്യേക കൺസ്യൂമർ നമ്പർ നൽകിയും അൺമീറ്റേർഡ് ലൈറ്റിന് പ്രത്യേകമായും ആണ് വൈദ്യുതി ചാർജ് നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ 11/2022-ലെ വൈദ്യുതി ചാർജ് 229945 രൂപയാണ്. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| 1155354012627 മുതൽ 11553590112724 വരെ കൺസ്യൂമർ നമ്പരിലുള്ള 98സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകളുടെ കറന്റ് ചാർജ് | 53363 |
| അൺമീറ്റേർഡ് സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ് | 176582 |
| ആകെ | 229945 |

കെ.എസ്.ഇ.ബി ആറൻമുള ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭ്യമാക്കിയ ചാർജ് ഷീറ്റ് പരിശോധിച്ചതിൽ അൺമീറ്റേർഡ് ലൈറ്റുകളുടെ നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് (പ്രതിദിനം 12 മണിക്കൂർ വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ഒരു വിളക്കിന്റെ നിരക്ക്) | ആകെ |
|---|---|---|---|---|---|
| 1 | സി.എഫ്.എൽ ഓട്ടോമാറ്റിക്ക് ഓൺ/ഓഫ് | 2x11 | 900 | 19 | 17100 |
| 2 | സി.എഫ്.എൽ ഓട്ടോമാറ്റിക്ക് ഓൺ/ഓഫ് | 4x11 | 122 | 19 | 2318 |
| 3 | എൽ.ഇ.ഡി | 1x24 | 124 | 24 | 2976 |
| 4 | മെർക്കുറി വേപ്പർ ലാംപ് | 1x80 | 2 | 170 | 340 |
| 5 | ഓർഡിനറി ബൾബ് | 1x40 | 1340 | 79 | 105860 |
| 6 | ഓർഡിനറി ബൾബ് | 1x60 | 183 | 121 | 22143 |
| 7 | ഓർഡിനറി ബൾബ് | 1x100 | 9 | 199 | 1791 |

| | | | | | |
|---|---|---|---|---|---|
| 8 | എൽ.ഇ.ഡി | 1x24 | 1071 | 24 | 25704 |
| 9 | എൽ.ഇ.ഡി | 1x24 | 947 | 24 | 22728 |
| 10 | എൽ.ഇ.ഡി | 1x24 | 1071 | 24 | 25704 |

ഒരു ഓർഡിനറി ബൾബിന്റെ ശരാശരി ആയുസ്സ് 1000 മുതൽ 2000 മണിക്കൂർ മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ മൂന്ന വർഷമായി ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. ഓർഡിനറി ബൾബുകൾ ഒന്നം വാങ്ങി ഉപയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ ഓർഡിനറി ബൾബുകൾ ഉപയോഗിച്ചുള്ള തെരുവ് വിളക്കുകൾ ഒന്നം തന്നെ നിലവിലില്ലെന്ന് സ്പഷ്ടമാണ്. ഈ വസ്തുത ഗ്രാമപ്പഞ്ചായത്തിലെ ജനപ്രതിനിധികളും സാക്ഷ്യപ്പെടുത്തുന്നുണ്ട്. നിലവിൽ ഇല്ലാത്ത 1532 ബൾബുകൾക്ക് ഗ്രാമപ്പഞ്ചായത്ത് പ്രതിമാസം വൈദ്യുതി ചാർജ്ജിനത്തിൽ ചെലവഴിക്കുന്നത് ഏകദേശം 129794രൂപയാണ്. അതായത് പ്രതിവർഷം ഏകദേശം 1557522 രൂപ നഷ്ടപ്പെടുന്നു. ഇത് ഗുരുതരമായ സ്ഥിതിവിശേഷമാണ്.

കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് ഓർഡിനറി ബൾബുകളുടെ താരിഫ് മുൻകാല പ്രാബല്യത്തിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഈ ഇനത്തിൽ കെ.എസ്.ഇ.ബി. അധികം ഈടാക്കിയ തുക തുടർന്നുള്ള ബില്ലിൽ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഒടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 എസ്.എസ്. എ വിഹിതം നൽകൽ- വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം എസ്.എസ്. എ വിഹിതം നൽകൽ പദ്ധതിക്കായി രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/ നം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | എസ്.എസ്. എ വിഹിതം നൽകൽ (ജനറൽ)/ S0030/22 | 279906 | 279906 |
| 2 | എസ്.എസ്. എ വിഹിതം നൽകൽ (എസ്.സി.പി)/ S0031/22 | 800000 | 800000 |

ടി രണ്ട് പദ്ധതികളുടേയും വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 11/18-12-2022) മറുപടിയും ലഭ്യമാക്കിയിട്ടില്ല. രണ്ട് പദ്ധതികളുടേയും വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-39 ഔദ്യോഗിക വാഹനത്തിന്റെ പരിപാലനം - അപാകതകൾ

പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള KL -3W 1818 എന്ന വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധത്തിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്-

1. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ലോഗ് ബുക്ക് പരിശോധിച്ച് വാഹന ഉപയോഗം ക്രമപ്രകാരമാണോ എന്ന് ഉറപ്പുവരുത്തി പരിശോധനാ വിവരം രേഖപ്പെടുത്തുന്നില്ല.

2. ഔദ്യോഗിക യാത്രകൾക്ക് ശേഷം വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

3. വാഹനത്തിന്റെ യാത്ര തുടങ്ങുമ്പോഴുള്ള കിലോമീറ്റർ റീഡിംഗും വാഹനം ഓടിയ ദൂരവും കൂട്ടിയ കണക്ക് കൃത്യമാക്കി രേഖപ്പെടുത്തുന്നില്ല.

4. വാഹനത്തിൽ ഇന്ധനം നിറച്ചതിന്റേയും ഇന്ധനം ഉപയോഗിച്ചതിന്റെയും കണക്ക് കൃത്യമാക്കി ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

5. തൻ മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് ലോഗ് ബുക്കിൽ ചേർക്കുന്നില്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 14/21-12-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ ഉൾപ്പെടെയുള്ള വാഹനത്തിന്റെ എല്ലാ രേഖകളും രജിസ്റ്ററുകളും കൃത്യമാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തുന്നില്ല

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.22/18/ ത.സ്വ.ഭ.വ തീ. 14/02/18 നമ്പർ ഉത്തരവ് ഖണ്ഡിക 6-2-18

അനുസരിച്ച് ക്ഷീരസംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആസ്പദമാക്കി ലിറ്ററിന് 3 രൂപ വീതം ഒരു കർഷകന് ഒരു വർഷം പരമാവധി 40000 രൂപ വരെ സബ്സിഡിയായി അനുവദിക്കാവുന്നതാണ്. ഓഡിറ്റ് വർഷം പാലിന് സബ്സിഡി നൽകുന്നതിനായി 300000രൂപ വകയിരുത്തി പ്രൊജക്ട് നം. 04 , (പാലിന് സബ്സിഡി - വനിത), 550000 രൂപ വകയിരുത്തി പ്രൊജക്ട് നം. 97 (പാലിന് സബ്സിഡി-ജനറൽ) എന്നിങ്ങനെ രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെയും, ജില്ലാപ്പഞ്ചായത്തിന്റേയും വിഹിതം പൂർണ്ണമായും നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിനോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ സാധിച്ചില്ല. നീർവിളാകം പി.റ്റി. 98 D APCOS, കിടങ്ങന്നൂർ, No 40 D APCOS, കോട്ട PT4(D) APCOS, ഇടയാറന്മുള PT4(D) APCOS എന്നിങ്ങനെ നാലു ക്ഷീര സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്.

ഒരു മാസം നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള കാലയളവിലായി 10000 രൂപയിൽ താഴെ മാത്രമാണ് സബ്സിഡി നൽകാൻ സാധിച്ചത്. ഗ്രാമപ്പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. ആയതിനാൽ ആവശ്യകതക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാനും പരമാവധി കർഷകർക്ക് ആയത് പ്രയോജനപ്പെടുത്തുന്നതിനും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പദ്ധതി പൂർത്തീകരിച്ചില്ല

സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 2012-13 വർഷം പദ്ധതി ആവിഷ്കരിച്ചെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം - 38/12

അടങ്കൽ- 1350000 (തനത് ഫണ്ട്)

ചെലവ് - 651900

ചെക്ക് നമ്പർ/തീയതി - 1005465/07-11-2012

മീറ്റർ സ്ഥാപിക്കുന്നതിന് 2012-13 വർഷം 651900 രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. ടി പദ്ധതിക്ക് കെ എസ്.ഇ.ബിയുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. ആറന്മുള, മുളക്കുഴ, ചെങ്ങന്നൂർ എന്നീ മൂന്ന് കെ എസ്.ഇ.ബി ഡിവിഷനുകളിലായാണ് പഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകൾ സ്ഥിതി ചെയ്യുന്നത്. ഓരോ ഡിവിഷനുകളിലേയും എസ്റ്റിമേറ്റ് തുകയും നൽകിയ തുകയും ചുവടെ ചേർക്കുന്നു.

| കെ എസ്.ഇ.ബി ഡിവിഷൻ | എസ്റ്റിമേറ്റ് തുക | നൽകിയ തുക |
|---|---|---|
| ആറന്മുള | 1038800 | 519400 |
| മുളക്കുഴ | 254400 | 127200 |
| ചെങ്ങന്നൂർ | 10600 | 5300 |

ഇലക്ട്രിസിറ്റി ബോർഡ് 17.05.12-ൽ പുറപ്പെടുവിച്ച B.O.(FM)(Genl)No.1007/2012(Plg.Com.3515/98/11-12) നമ്പർ ഉത്തരവ് പ്രകാരം 6 മാസത്തിനകം മീറ്ററിംഗിനുള്ള തുക ഒടുക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ 50% മാത്രം ഒടുക്കിയാൽ മതിയെന്ന നിർദ്ദേശ പ്രകാരം 651900 രൂപ കെ എസ്.ഇ.ബിയുടെ മൂന്നു ഡിവിഷനുകളിലുമായി നൽകി. 29-04-12 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 1(2) നമ്പർ തീരുമാനപ്രകാരമാണ് ഡെപ്പോസിറ്റ് തുക നൽകിയത്. നീണ്ട പത്തു വർഷങ്ങൾക്കു ശേഷവും പദ്ധതി പൂർത്തീകരിക്കാതിരുന്നിട്ടും പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-42 അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിരാലംബരും അശരണരുമായ അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി അഗതി രഹിത കേരളം പദ്ധതി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 178 അഗതി കുടുംബങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 2018-19 സാമ്പത്തിക വർഷം ആരംഭിച്ച് 2020-21 ൽ പൂർത്തിയാക്കുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 10.3.2019-ലാണ് അഗതി രഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത്. 26245400/- രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വകയിത്തിയ തുക |
|---|---|

| | |
|---|---|
| ഭക്ഷണം | 3548880 |
| ചികിത്സ ധനസഹായം | 6480000 |
| വീട് നിർമ്മാണം | 13600000 |
| വീട് മെയിന്റനൻസ് | 1400000 |
| വൈദ്യുതികരണം | 190000 |
| കുടിവെള്ളം | 90000 |
| വസ്ത്രം | 378000 |
| തൊഴിൽ പരിശീലനം | 30000 |
| കൗൺസിലിംഗ് | 19200 |
| പലവക | 19320 |
| മെഡിക്കൽ ക്യാമ്പ് | 75000 |
| വിദ്യാഭ്യാസം | 486000 |
| റിസർവ് ഫണ്ട് | 100000 |
| | 26245400 |

പദ്ധതിയുടെ ചെലവ് പൂർണ്ണമായും ഭക്ഷണ വിതരണത്തിൽ മാത്രമാണ് പരിമിതപ്പെടുത്തിയിരിക്കുന്നത്. വീട് നിർമ്മാണത്തിനുള്ള 34 ഗുണഭോക്താകളിൽ ആരെയും നാളിതുവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലുള്ള പദ്ധതി വിലയിരുത്തൽ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ഗുണഭോക്താകൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിന്റെ വരുമാനം ഗണ്യമായ രീതിയിൽ വിനിയോഗിക്കപ്പെടേണ്ടി വരുന്ന ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം.188ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 86370/ രൂപയാണ് പ്രതിമാസം പഞ്ചായത്ത് ജല അതോറിറ്റിയിൽ ഒടുക്കേണ്ട തുക. 2021- 22 സാമ്പത്തിക വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 700,000 രൂപയാണ് പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുള്ളത്. ജി ഒ (ആർ ടി)2242/2011 തസ്വഭവ തീയതി 28/09/11 ഉത്തരവുപ്രകാരം സംയുക്ത പരിശോധന പൂർത്തിയാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പരിശോധന പൂർത്തിയാക്കുന്നതിനും നാളിതുവരെയുള്ള കുടിശ്ശിക ഒടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് നാളിതുവരെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-44 കോട്ടമാർക്കറ്റ് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ പ്രവർത്തനം സ്തംഭിച്ച നിലയിൽ -മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു.

ആറമുള പഞ്ചായത്തിലെ കോട്ടമാർക്കറ്റിലുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ പ്രവർത്തനത്തിനായി ആറമുള ഗ്രാമപഞ്ചായത്തും പന്തളം ബ്ളോക്ക് പഞ്ചായത്തും ക്ലീൻകേരള കമ്പനിയും തമ്മിൽ ധാരണ പത്രം ഒപ്പു വച്ചിട്ടുണ്ട് . ഒരോ വർഷവും എഗ്രിമെന്റ് പുതുക്കിയാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്. 2020 ജൂലൈ മാസം 6 ാം തീയതിയിലും 2021 ജൂലൈ മാസം 7ാം തിയതിയിലുമുള്ള എഗ്രിമെന്റുകളാണ് ഓഡിറ്റ് വർഷം ബാധകമായിട്ടുള്ളത്. പ്രസ്തുത എഗ്രിമെന്റ് പ്രകാരം ക്ലീൻ കേരള കമ്പനിയുടെ ചുമതലകൾ താഴെ പറയുന്നവയാണ്.

1. ആർ.ആർ.എഫിന്റെ പ്രവർത്തനവും വൃത്തിയായുള്ള പരിപാലനവും ക്ലീൻ കേരള കമ്പനിക്കാണ്.

2. നിലവിൽ ലഭ്യമായിട്ടുള്ള സംസ്കരണ പുനഃചംക്രമണ സംവിധാനങ്ങൾ ഉപയോഗിച്ച് ക്ലീൻ കേരള കമ്പനി അജൈവ മാലിന്യ സംസ്കരണം നടത്തുന്നതാണ്.

3. ആർ.ആർ.എഫിൽ എത്തുന്ന പുനഃചംക്രമണം ചെയ്യാവുന്ന അജൈവ മാലിന്യങ്ങൾ (പ്ളാസ്റ്റിക് ഇ-വെയിസ്റ്റ്)

വേണ്ടവിധത്തിൽ ശാസ്ത്രീയമായിപുനഃചംക്രമണം ചെയ്യുന്നുവെന്ന് ക്ലീൻ കേരള കമ്പനി ഉറപ്പുവരുത്തേണ്ടതാണ്.

4. ഷ്രഡ് ചെയ്യുന്ന പ്ലാസ്റ്റിക്കിന്റെ കണക്കുകൾ, റിസോഴ്സ് റിക്കവറിയിലേയ്ക്ക് എത്തുന്ന അജൈവമാലിന്യങ്ങളുടെ കണക്കുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ക്ലീൻ കേരള കമ്പനിക്കാണ്.

എന്നാൽ ക്ലീൻ കേരള കമ്പനി എഗ്രിമെന്റ് പ്രകാരമുള്ള മേൽച്ചുമതലകൾ നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന കാരണങ്ങളാൽ പരാജയപ്പെട്ടുവെന്ന് ഓഡിറ്റ് വേളയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വ്യക്തമായി

ആർ.ആർ.എഫിൽ പ്ളാസ്റ്റിക് മാലിന്യങ്ങളുടെ പുനഃചക്രമണത്തിനായി രണ്ട് പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റുകൾ ആണുള്ളത്. പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകൾ രണ്ടും പ്രവർത്തിക്കുന്നില്ലെന്നു മാത്രമല്ല ഷ്രഡ് ചെയ്ത പ്ലാസ്റ്റിക് നീക്കം ചെയ്യാതെ ഷ്രഡിംഗ് യൂണിറ്റിനു ചുറ്റും കുമിഞ്ഞുകൂടി കിടക്കുന്നു. പന്തളം ബ്ളോക്കിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കോട്ടമാർക്കറ്റിൽ നിറഞ്ഞിരിക്കുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ യഥാസമയം നീക്കംചെയ്യാതിരിക്കുന്നത് പരിസ്ഥിതി മലിനീകരണത്തിന് കാരണമാകും. ആർ.ആർ.എഫിനുള്ളിലും മാലിന്യങ്ങൾ വൻതോതിൽ കുമിഞ്ഞുകൂടിയിരിക്കുന്നു. ഷ്രഡ് ചെയ്ത പ്ളാസ്റ്റിക്കിന്റെ കണക്കുകൾ റിസോഴ്സ് റിക്കവറിയിലേയ്ക്ക് എത്തുന്ന അജൈവമാലിന്യങ്ങളുടെ കണക്കുകൾ എന്നിവ ക്ലീൻ കേരള കമ്പനി സൂക്ഷിക്കുന്നില്ല. ആർ.ആർ.എഫിന്റെ പ്രവർത്തനവും വൃത്തിയായുള്ള പരിപാലനവും ക്ലീൻ കേരള കമ്പനി നടത്തുന്നില്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് ക്ലീൻ കേരള കമ്പനിക്ക് ഒരു നിർദ്ദേശങ്ങളും നല്കിയിട്ടില്ലെന്നു കാണുന്നു. പഞ്ചായത്ത് പരിധിയിൽ വൻ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്ന ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.



കോട്ട മാർക്കറ്റിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടിയ നിലയിൽ



ആർ.ആർ.എഫിനുള്ളിൽ മാലിന്യങ്ങൾ നിറഞ്ഞുകവിഞ്ഞ നിലയിൽ



ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്ക് നീക്കം ചെയ്യാതെ കമിഞ്ഞുകൂടിയ നിലയിൽ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സഹകരണ പരിശീലനകോളേജിന്റെ വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല നഷ്ടം രൂ 581376/-

ആറന്മുള ഗ്രാമപഞ്ചായത്ത് ഇടശ്ശേരിമല 234-ാം നമ്പർ എൻ എസ് എസ് കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സഹകരണ പരിശീലനകോളേജ് 1.9.07 മുതൽ 30.4.18 വരെ പ്രവർത്തിച്ചതിന്റെ വാടകയിനത്തിൽ 581376/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് . ബഹു. കേരള ഹൈക്കോടതി മുൻപാകെ 234-ാം നമ്പർ എൻ എസ് എസ് കരയോഗം ഫയൽ ചെയ്ത WP(C)18456/2018 നം കേസിൽ ബഹു. കേരള ഹൈക്കാടതിയുടെ 4.12.2020 ലെ WP(C)18456/2018 ലെ നമ്പർ സിംഗിൾ ബഞ്ച് വിധിന്യായം, ബഹു. കേരള ഹൈക്കാടതിയുടെ 24.6.2021 ലെ WA No 787/2021 നമ്പർ ഡിവിഷൻ ബഞ്ച് വിധിന്യായം എന്നിവ നടപ്പിലാക്കുന്നതിനായി ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ .(സാധാ ) നം 2406/2021/തസ്വഭ വ തീയതി 29.11.2021 ) വൗച്ചർ നം 22100772/3.12.21 പ്രകാരം തനത് ഫണ്ടിൽ നിന്നും രൂ 581376/- പിൻവലിച്ച് 234-ാം നമ്പർ എൻ എസ് എസ് കരയോഗത്തിന്റെ സൗത്ത് ഇൻഡ്യൻ ബാങ്ക് ആറൻമുളയിലുള്ള അക്കൗണ്ട് നം 0383053000000446 ലേയ്ക്ക് NEFT വഴി നല്കിയിരിക്കുന്നു. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടാത്തതും നിയന്ത്രണ അധികാരമില്ലാത്തതുമായ ഒരു സ്ഥാപനത്തിന്റെ വാടകയിനത്തിൽ തുക നല്കുന്നതിലേക്ക് പഞ്ചായത്തിനെ കൊണ്ടെത്തിച്ച സാഹചര്യങ്ങൾ താഴെ പറയുന്നവയാണ്.

1. പഞ്ചായത്ത് കമ്മിറ്റിയുടെ 4.8.06 ലെ5(II) നം തീരുമാന പ്രകാരം സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള സഹകരണ പരിശീലന കോളേജ് ആറമുള ഗ്രാമപഞ്ചായത്തിലെ ഇടശ്ശേരിമല 234 -ാം നമ്പർ എൻ എസ് എസ് കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആരംഭിക്കുന്നതിനും ടി കെട്ടിടത്തിന്റെ വാടക പി.ഡബ്ല്യു.ഡി അധികാരികൾ നിശ്ചയിച്ച നല്കുന്ന നിരക്കിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നല്കുന്നതിനും തീരുമാനിച്ചു.

2. 1.9.07 മുതൽ കോ- ഓപ്പറേറ്റീവ് ട്രെയിനിംഗ് കോളേജ് എൻ.എസ്.എസ് വക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

3 പഞ്ചായത്ത് കമ്മിറ്റിയുടെ 22.2.11 ലെ 4-ാം നമ്പർ തീരുമാന പ്രകാരം പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് അധികാരികൾ നിശ്ചയിച്ച നല്കിയ പ്രതിമാസ വാടക 4542 രൂപ നിരക്കിൽ തനതുഫണ്ടിൽ നിന്നും 31.3.12 വരെ നല്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ഇപ്രകാരം വാടക നല്കുന്നതിന് അനുമതി ലഭിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ 15.4.2011 ലെ 18846/എഫ് എം 2/2011 തസ്വഭവ നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടാത്തതും നിയന്ത്രണ അധികാരമില്ലാത്തതുമായ ഒരു സ്ഥാപനമാണ് സഹകരണ പരിശീലനകോളേജ് എന്നും ഇത്തരം സ്ഥാപനങ്ങൾക്ക് കെട്ടിട വാടക നൽകുമെന്ന് സർക്കാരിന്റെ അനുമതിയില്ലാതെ തീരുമാനിക്കുവാൻ പാടില്ലാത്തതുമാണന്ന് അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ വിഷയം സംബന്ധിച്ച് അനുമതി തരണമെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അപേക്ഷിക്കുകയും കോ-ഓർഡിനേഷൻ

കമ്മിറ്റി അനുമതി നിഷേധിച്ചിട്ടുള്ളതാണ്. ( 77132/എഫ് എം 2/2012/തസ്വഭവ തിയതി 28.2.13 ) തുടർന്നും ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ അനുമതിക്കായി 5.11.13 ൽ സർക്കാരിലേയ്ക്ക് വീണ്ടും അപേക്ഷ സമർപ്പിക്കുകയും ആയതിനു മറുപടിയായി 7.12.2013 ലെ 72564/എഫ് എം 2/2013 തസ്വഭവ നമ്പർ കത്ത് പ്രകാരം ഈ വിഷയത്തിൽ സർക്കാർ പലതവണ വിശദമായ പരിശോധന നടത്തിയതാണെന്നും തീരുമാനം കൈക്കൊണ്ട കാര്യത്തിൽ വീണ്ടും വീണ്ടും അപേക്ഷ സമർപ്പിക്കുന്നത് ശരിയായ നടപടി അല്ലെന്നും ഇക്കാര്യത്തിൽ പരിശോധന ഉണ്ടാകില്ലെന്നും അറിയിച്ചു.

4 . എൻ എസ് എസ് കരയോഗം ബഹു. കേരള ഹൈക്കോടതി മുൻപാകെ WP(C)4240/2018 നമ്പരായി ഫയൽ ചെയ്ത കേസിൽ സർക്കാർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് തീർപ്പുകല്പിക്കാൻ ഉത്തരവായതിനെ തുടർന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് കക്ഷികളെ നേരിൽ കേൾക്കുകയും ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടാത്തതും നിയന്ത്രണാധികാരമില്ലാത്തതുമായ ഒരു സ്ഥാപനത്തിന്റെ കെട്ടിട വാടക സർക്കാരിന്റെ അനുമതിയില്ലാതെ നല്കുന്നത് നിയമപരമല്ലെന്നും ആയത് കർശനമായി തടയണമെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ പരാതി നിരസിച്ചുകൊണ്ട് വിധിന്യായം തീർപ്പാക്കി.( സ.ഉ.(സാധാ) നം 1333/2018 ത സ്വ ഭ വ തീ14.05.18 )

5 തുടർന്ന് എൻ എസ് എസ് കരയോഗം ആറന്മുള ഗ്രാമപഞ്ചായത്തിനെ എതിർ കക്ഷിയാക്കി WP(C)18456/2018 നമ്പരായി കേസ് ഫയൽ ചെയ്തു . ആയതിൻമേൽ ബഹു. കേരള ഹൈക്കോടതി WP(C)18456/2018(f) Dt. 4.12.2020 നമ്പരായി വിധിന്യായം പുറപ്പെടുവിച്ചു. വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു. പഞ്ചായത്തും പരാതിക്കാരനും തമ്മിൽ കരാർ ചമച്ചിട്ടില്ലായെങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ 4.8.06 ലെ 5(2) നം തീരുമാനപ്രകാരം സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള സഹകരണ പരിശീലന കോളേജ് ആറന്മുള ഗ്രാമപഞ്ചായത്തിലെ ഇടശ്ശേരിമല 234 -ാം നമ്പർ എൻ എസ് എസ് കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആരംഭിക്കുന്നതിനും ടി കെട്ടിടത്തിനന്റെ വാടക പി.ഡബ്ല്യു.ഡി അധികാരികൾ നിശ്ചയിച്ച നല്കുന്ന നിരക്കിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നല്കുന്നതിനും തീരുമാനിച്ച എന്നുള്ള തീരുമാനപ്രകാരമാണ് പരാതിക്കാരൻ ലാഭേച്ഛ മുൻനിർത്തി തന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകക്ക് നല്കിയിട്ടുള്ളതെന്നും ആയതിനാൽ വാടക ലഭിക്കേണ്ടത് പരാതിക്കാരന്റെ അവകാശമാണെന്ന് നിരീക്ഷിച്ച കോടതി പ്രസ്തുത വിധി പുറപ്പെടുവിച്ച തിയതി മുതൽ നാലുമാസത്തിനകം ഹർജിക്കാരന് കെട്ടിട വാടക നല്കണമെന്ന് വിധിച്ചു. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സഹകരണ പരിശീലന കോളേജിന് കെട്ടിടം വാടകക്ക് എടുത്തു നല്കിയ പഞ്ചായത്തിന്റെ തീരുമാനമാനമാണ് ഇത്തരത്തിലുള്ള സാമ്പത്തിക ബാധ്യത വരുത്തിവച്ചതെന്നും പഞ്ചായത്തിന്റ കെടുകാര്യസ്ഥതയുടെ നേർചിത്രമാണ് പ്രസ്തുത തീരുമാനം എന്ന് ചൂണ്ടിക്കാണിച്ച കോടതി പ്രസ്തുത തുക ഹർജിക്കാരന് നല്കിയ ശേഷം ഇതിനു കാരണക്കാരായ വ്യക്തികളിൽ നിന്നും ലോക്കൽഫണ്ട് നിയമത്തിനും ചട്ടത്തിനും വിധേയമായി തുക തിരികെ ഈടാക്കുവാനും കോടതി നിർദ്ദേശിച്ചു. പഞ്ചായത്ത് അപ്പീൽ നല്കിയെങ്കിലും സിംഗിൾ ബഞ്ചിന്റെ വിധി ഡിവിഷൻ ബഞ്ച് അംഗീകരിക്കുകയാണ് ചെയ്തത്.

6.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ .(സാധാ ) നം2406/2021/തസ്വഭ വ തീയതി 29.11.2021 ലെ ഉത്തരവ് പ്രകാരം വിധിന്യായം പാലിക്കുന്നതിന് പഞ്ചായത്തിന് അനുമതി നല്കുകയും പ്രസ്തുത തുക ഹർജിക്കാരന് നല്കിയ ശേഷം ഇതിനു കാരണക്കാരായ വ്യക്തികളിൽ നിന്നും ലോക്കൽഫണ്ട് ആക്ട് ആന്റ് റൂളിനു വിധേയമായി തുക തിരികെ ഈടാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് നല്കാനും ഉത്തരവായി. എന്നാൽ ഹർജിക്കാരന് തുക നല്കിയതല്ലാതെ ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് നല്കിയിട്ടില്ല. ചുരുക്കത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 4.8.06 ലെ 5(2) നം തീരുമാനമാണ് പഞ്ചായത്തിന് രൂ 581376/ തനത്ഫണ്ടിൽ നിന്നും നഷ്ടപ്പെടുന്നതിന് കാരണമാക്കിയത്. ആയതിനാൽ 4.8.06 ലെ5(2) നം തീരുമാനം കൈക്കൊണ്ട ഭരണസമിതി അംഗങ്ങൾ മേൽ തീരുമാനത്തിന് വിയോജനകുറിപ്പ് രേഖപ്പെടുത്താത്ത സെക്രട്ടറി എന്നിവരിൽ നിന്നും 581376 രൂപ തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1020496 | നെൽക്യഷിയ്ക്ക് കൂലിച്ചെലവ്, SO 21/22 | 1020496 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് ഭവനപദ്ധതി, SO 45/22 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 246600 | ലൈഫ് ഭവനപദ്ധതി, SO 43/22 | 246600 |
| ബ്ലോക്ക് പഞ്ചായത്ത് | 138400 | ഭിന്നശേഷി സ്കോളർഷിപ്പ്, SO 24/22 | 138400 |
| ബ്ലോക്ക് പഞ്ചായത്ത് | 183497 | പാലിന് സബ്സിഡി, SO 97/22 | 183497 |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 600000 | നെൽക്കൃഷിയ്ക്ക് കൂലിച്ചെലവ്, SO 21/22 | 600000 |
| ജില്ലാ പഞ്ചായത്ത് | 161787 | സാന്ത്വന പരിചരണം, SO 188/22 | 161787 |
| ജില്ലാ പഞ്ചായത്ത് | 2790000 | ലൈഫ് ഭവനപദ്ധതി, SO 45/22 | 2790000 |
| ജില്ലാ പഞ്ചായത്ത് | 560000 | ലൈഫ് ഭവനപദ്ധതി, SO 43/22 | 560000 |
| ജില്ലാ പഞ്ചായത്ത് | 183280 | ഭിന്നശേഷി സ്കോളർഷിപ്പ്, SO 312/22 | 183280 |
| ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷി സ്കോളർഷിപ്പ്, SO 24/22 | 200000 |
| ജില്ലാ പഞ്ചായത്ത് | 200000 | അങ്കണവാടി പോഷകാഹാരം, SO 18/22 | 200000 |
| ജില്ലാ പഞ്ചായത്ത് | 136452 | പാലിന് സബ്സിഡി, SO 97/22 | 136452 |

## 4-2 നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നം, പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, SO 224/22 | 2450000 | 0 | 2450000 |
| 2 | വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, SO 99/22 | 570000 | 0 | 570000 |
| 3 | കെഎസ്ഇബി | പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ, SO 25/22 | 98966 | 0 | 98966 |
| 4 | കെഎസ്ഇബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, SO 27/22 | 409143 | 0 | 409143 |
| 5 | കെഎസ്ഇബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, SO 36/22 | 542800 | 0 | 542800 |
| 6 | കെഎസ്ഇബി | പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ, SO 411/22 | 16127 | 0 | 16127 |
| 7 | കെഎസ്ഇബി | പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ, SO 48/22 | 192561 | 0 | 192561 |
| 8 | വാട്ടർ അതോറിറ്റി | കോമാട്ടമോടി കുടിവെള്ളപദ്ധതി അധികതുക അടവാക്കൽ, എസ്395/22 | 197490 | 0 | 197490 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന വായ്പാ രജിസ്റ്ററിലെയും വാർഷിക ധനകാര്യപത്രികയിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 5037043 | --- | 806666 | --- | 4230377 |

(ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി സംസ്ഥാന വിഹിതം ഇനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച 18,00,000 രൂപ വാർഷിക ധനകാര്യ പത്രികയിൽ ലോൺ ഇനത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുക തെറ്റാണ്)

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 1998-99 | 5 | 10 | റ്റി.പി.ഭാസ്കരൻപിള്ള, തെക്കലേത്ത് | 121030104138/28.01.22 |
| 1998-99 | 6 | 8 | കെ.മുഹമ്മദ് ബഷീർ, യു.ഡി.ക്ലർക്ക് | 121030104139/28.01.22 |
| 1999-00 | 2സി | 10 | കെ.മുഹമ്മദ് ബഷീർ, യു.ഡി.ക്ലർക്ക് | 121030104144/28.01.22 |
| 1999-00 | 3 | 25 | കെ.കെ.സദാശിവൻ, എൽ.ഡി.ക്ലർക്ക് | 121030104145/28.01.22 |
| 1999-00 | 3 | 25 | എം.എസ്.ശ്രീലത, എൽ.ഡി.ക്ലർക്ക് | 121030104146/28.01.22 |
| 1999-00 | 3 | 25 | രാധാകൃഷ്ണൻ നായർ, എൽ.ഡി.ക്ലർക്ക് | 121030104147/28.01.22 |
| 1999-00 | 4 | 21 | സി.റ്റി.ഹരികുമാർ, സെക്രട്ടറി | 121030104148/28.01.22 |
| 1999-00 | 5 | 40 | ഗീതാകുമാരി പി.ആർ, പ്രസിഡന്റ് | 121030104149/28.01.22 |
| 1995-96 | 4 | 50 | കെ.കെ.വിജയമ്മ, സബ് രജിസ്ട്രാർ | 121030102882/29.11.21 |
| 1995-96 | 13എ | 145 | ഗീതാകുമാരി പി.ആർ, പ്രസിഡന്റ് | 121030102883/29.11.21 |
| 1995-96 | 13എ | 48 | വി.ആർ. ഉണ്ണിക്കൃഷ്ണൻ, പ്രസിഡന്റ് | 121030102884/29.11.21 |
| 1995-96 | 13ബി | 161 | ഷാജി ചാക്കോ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 121030102885/29.11.21 |
| 1995-96 | 3 | 19 | കെ.മുഹമ്മദ് ബഷീർ, യു.ഡി.ക്ലർക്ക് | 121030102897/30.11.21 |
| 1998-99 | 5 | 120 | കെ.തങ്കൻ, ഡഫേദാർ, ഐ.ഓ.ബി | 121030104132/27.01.22 |
| 1998-99 | 6 | 500 | മാനേജർ, ശ്രീദേവി തിയേറ്റർ | 121030104133/27.01.22 |
| 1998-99 | 5 | 10 | കല്യാണിയമ്മ, കാരക്കേത്ത് | 121030104136/28.01.22 |
| 1998-99 | 5 | 10 | സരസമ്മ, മടത്തിലേത്ത് | 121030104137/28.01.22 |
| 1999-00 | 5 | 40 | ഷാജി ചാക്കോ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 121030104150/28.01.22 |
| 1999-00 | 5 | 32 | ദാമോദരൻ, മെമ്പർ | 121030104151/28.01.22 |
| 1999-00 | 5 | 64 | ജോർജ് പി മാത്യു, മെമ്പർ | 121030104152/28.01.22 |
| 2019-20 | - | 11082 | സെന്റ് തോമസ് ഹോസ്പിറ്റൽ | 121030104606/25.2.22 |
| 2019-20 | - | 1181 | സെന്റ് തോമസ് ഹോസ്പിറ്റൽ | 121030104607/25.2.22 |
| 2019-20 | - | 1250 | സെന്റ് തോമസ് ഹോസ്പിറ്റൽ | 121030104608/25.2.22 |
| 2019-20 | - | 1250 | ചെറിയാൻ മെമ്മോറിയൽ ലാബ് | 121030104609/25.2.22 |
| 2020-21 | - | 6020 | മാനേജർ, കേരള ബാങ്ക്, കോട്ട | 121030104620/25.2.22 |
| 2020-21 | - | 4050 | മലങ്കര കമ്പ്യൂട്ടർ സൊല്യൂഷൻസ് | 121030104705/02.3.22 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | 3-6 | 2015-15<br>3.6.2 | എസ്.സി, എസ്.റ്റി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപാകത | പരാമർശം നിലനിൽക്കുന്നു. |
| | 3-6 | 2015-16<br>3.7.7 | കുറുമ്പൻ ദൈവത്താൻ സ്മാരകം- തുടർപ്രവർത്തനങ്ങൾ ഇല്ല | പരാമർശം നിലനിൽക്കുന്നു. |
| | 3-6 | 2015-16<br>3.7.11 | എസ്.സി. പ്രൊമോട്ടർ കർമ്മസമിതി യോഗങ്ങളിൽ പങ്കെടുക്കുന്നില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-2 | 216-17 | വസ്തുനികുതി-വിവിധ അപാകതകൾ | പരാമർശം |

| | | | | |
|---|---|---|---|---|
| | | അനുബന്ധം | | നിലനിൽക്കുന്നു. |
| 2014-15 | 2-3 | 2016-17 അനുബന്ധം | വസ്തുനികുതി-വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 അനുബന്ധം | തൊഴിൽ നികുതി-വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 150304899 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120147152 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 581376 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 405337 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 41527 | ശ്രീ നൈനാൻ തോമസ്, കല്ലറ, ആറാട്ടുപുഴ പി.ഒ. |
| | | 41527 | ശ്രീ എം.എൻ. സദാനന്ദൻ, മേപ്രത്ത് വിഷ്ണു നിവാസ്, ഇടയാറന്മുള പി.ഒ. |
| | | 41527 | ശ്രീ ജി. രാധാകൃഷ്ണപ്രസാദ്, വേരുങ്കൽ വിജയവിലാസം, ആറന്മുള പി.ഒ. |
| | | 41527 | ശ്രീ കെ.എസ്. സജി, കൊങ്ങളത്ത്, ഇടയാറന്മുള പി.ഒ. |
| | | 41527 | ശ്രീമതി തങ്കമണി, മാവുങ്കാലായിൽ, ആറന്മുള പി.ഒ. |
| | | 41527 | ശ്രീമതി ജയ ശ്രീകുമാർ, ചെറുതാട്ടിൽ മലയിൽ, ആറന്മുള പി.ഒ. |
| | | 41527 | ശ്രീ എം.പി. ഉണ്ണികൃഷ്ണൻ നായർ, മുരളീസദനം, നാൽക്കാലിക്കൽ പി.ഒ. |
| | | 41527 | ശ്രീമതി സുധ സുരേഷ്, മുടിമല മോടിയിൽ, കിടങ്ങന്നൂർ പി.ഒ. |
| | | 41527 | ശ്രീ മാത്യു ശമുവേൽ, കോട്ടൂരേത്ത്, എരുമക്കാട് പി.ഒ. |
| | | 41527 | ശ്രീ വി.ജി.മോഹനൻ, മാലേത്ത് കാലായിൽ, ഇടയാറന്മുള പി.ഒ. |

| | | | |
|---|---|---|---|
| | | 41527 | ശ്രീ. എസ്.വി. ശ്രീകുമാർ, ശ്രീനിലയം, കോട്ട പി.ഒ. |
| | | 41527 | കുമാരി കെ. ജയശ്രീ, ബ്ലോക്ക് നം. 92, എഴിക്കാട് കോളനി, കുറിച്ചിമുട്ടം പി.ഒ. |
| | | 41527 | ശ്രീ വിജയൻ പി.എൻ., പാലനിൽക്കുന്നതിൽ , നീർവിളാകം പി.ഒ. |
| | | 41525 | ശ്രീമതി ജമീലബീവി കെ.എ., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 – 29 | 405337 | ഉണ്ണികൃഷ്ണൻപിള്ള കെ., അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ നൈനാൻ തോമസ്, പഞ്ചായത്ത് മെംബർ | | കല്ലറ, ആറാട്ടുപുഴ പി.ഒ. |
| ശ്രീ എം.എൻ. സദാനന്ദൻ, പഞ്ചായത്ത് മെംബർ | | മേപ്രത്ത് വിഷ്ണു നിവാസ്, ഇടയാറന്മുള പി.ഒ. |
| ശ്രീ ജി. രാധാകൃഷ്ണപ്രസാദ്, പഞ്ചായത്ത് മെംബർ | | വേരുങ്കൽ വിജയവിലാസം, ആറന്മുള പി.ഒ. |
| ശ്രീ കെ.എസ്. സജി, പഞ്ചായത്ത് മെംബർ | | കൊങ്ങളത്ത്, ഇടയാറന്മുള പി.ഒ. |
| ശ്രീമതി തങ്കമണി. , പഞ്ചായത്ത് മെംബർ | | മാവുങ്കാലായിൽ, ആറന്മുള പി.ഒ. |
| ശ്രീമതി ജയ ശ്രീകുമാർ, പഞ്ചായത്ത് മെംബർ | | ചെറുതാട്ടിൽ മലയിൽ, ആറന്മുള പി.ഒ. |
| ശ്രീ എം.പി. ഉണ്ണികൃഷ്ണൻ നായർ, പഞ്ചായത്ത് മെംബർ | | മുരളീസദനം, നാൽക്കാലിക്കൽ പി.ഒ. |
| ശ്രീമതി സുധ സുരേഷ്, പഞ്ചായത്ത് മെംബർ | | മുടിമല മോടിയിൽ, കിടങ്ങന്നൂർ പി.ഒ. |
| ശ്രീ മാത്യു ശമുവേൽ, പഞ്ചായത്ത് മെംബർ | | കോട്ടൂരേത്ത്, എരുമക്കാട് പി.ഒ. |
| ശ്രീ വി.ജി.മോഹനൻ, പഞ്ചായത്ത് മെംബർ | | മാലേത്ത് കാലായിൽ, ഇടയാറന്മുള പി.ഒ. |
| ശ്രീ. എസ്.വി. ശ്രീകുമാർ, പഞ്ചായത്ത് മെംബർ | | ശ്രീനിലയം, കോട്ട പി.ഒ. |
| കുമാരി കെ. ജയശ്രീ, പഞ്ചായത്ത് മെംബർ | | ബ്ലോക്ക് നം. 92, എഴിക്കാട് കോളനി, കുറിച്ചിമുട്ടം പി.ഒ. |
| ശ്രീ വിജയൻ പി.എൻ., പഞ്ചായത്ത് മെംബർ | | പാലനിൽക്കുന്നതിൽ , നീർവിളാകം പി.ഒ. |

| | | |
|---|---|---|
| ശ്രീമതി ജമീലബീവി കെ.എ., സെക്രട്ടറി | വിരമിച്ചു. | |
| ഉണ്ണിക്കൃഷ്ണൻപിള്ള കെ., അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു. | ബിന്ദു ഭവൻ, കിടങ്ങന്നൂർ പി.ഒ, പത്തനംതിട്ട |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ /തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി3/478 /05/05.01.06 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി6/642 /09/13.04.10 | 3 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.പി.റ്റി.എ.പി5/687 /12/30.10.12 | 7 |
| 2012-13 മുതൽ 2013-14 വരെ | എൽ.എഫ്.പി.റ്റി.എ.പി11/894 /14/04.12.15 | 3 |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി11/682 /16/24.06.16 | 5 |
| 2015-16 | എൽ.എഫ്.പി.റ്റി.എ.പി11/1206 /16/07.11.16 | 6 |
| 2016-17 | എൽ.എഫ്.പി.റ്റി.എ.പി9/981 /17/13.09.17 | 21 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി11/97 /19/07.03.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി11/944 /19/05.12.19 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി11/146 /22/23.02.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി11/147 /22/23.02.22 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്